# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2015 ഡിസംബർ 8, ചൊവ്വ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--267]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ഊർജ്ജ വകുപ്പുമന്ത്രി | : 2202 മുതൽ 2290 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : 2291 മുതൽ 2335 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : 2336 മുതൽ 2416 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : 2417 മുതൽ 2468 വരെ |

### ഹൈഡൽ ടൂറിസ്റ്റുകൾക്ക് താമസസൗകര്യം

2202. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പെരിങ്ങൽകുത്തിലെ ഉപയോഗ ശൂന്യമായ കെ.എസ്.ഇ.ബി. ക്വാർട്ടേഴ്സുകൾ നവീകരിച്ച്, ഹൈഡൽ ടൂറിസ്റ്റുകൾക്ക് താമസസൗകര്യം ഒരുക്കുന്നതിനായി നടപടി സ്വീകരിക്കുമോ ;

(ബി) പെരിങ്ങൽകുത്തിൽ പുനരാരംഭിച്ച ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായുള്ള ബോട്ടിംഗിന് കൂടുതൽ ബോട്ടുകൾ അനുവദിക്കുന്നതിനും അനുബന്ധ റോഡുകളുടെ നവീകരണത്തിനും നടപടി സ്വീകരിക്കുമോ?

### ഊർജ്ജ രംഗത്ത് വിവരസങ്കേതിക വിദ്യാധിഷ്ഠിത പദ്ധതി

2203. **ശ്രീ.കെ.മുരളീധരൻ**

**,, വർക്കല കഹാർ**

**,, എ.പി.അബ്ദുള്ളക്കുട്ടി**

**,, കെ.ശിവദാസൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ രംഗത്ത് വിവരസങ്കേതിക വിദ്യാധിഷ്ഠിത സേവനങ്ങൾക്ക് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

### ഡി. ആർ. ഐ .പി പദ്ധതി

2204. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ**

**,, റോഷി അഗസ്റ്റിൻ**

**ഡോ.എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി അണക്കെട്ടുകളുടെ നവീകരണത്തിനായി നടപ്പാക്കുന്ന ഡി. ആർ. ഐ .പി പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും സമയ പരിധിക്കുള്ളിൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് സാധിക്കുമോയെന്നും വ്യക്തമാക്കുമോ;

<u>ഗവ. സ്ഥാപനങ്ങളിൽ സൗരോർജ്ജ പാനലുകൾ</u>

2205. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ഗവ. സ്ഥാപനങ്ങളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം ഏജൻസികളെയാണ് ഇതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്;വിശദമാക്കുമോ;

(സി) ഇതിനായി പ്രത്യേക പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ?

<u>കെ.എസ്.ഇ.ബി സബ്സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടി</u>

2206. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിലെ ചിതറ പഞ്ചായത്തുവക സ്ഥലമായ ചക്കമലയിൽ കെ.എസ്.ഇ.ബി യുടെ ഒരു സബ്സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ആയത് പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

<u>കെ.എസ്.ഇ.ബി റഗുലേറ്ററി കമ്മീഷൻ</u>

2207. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം കെ.എസ്.ഇ.ബി. റഗുലേറ്ററി കമ്മിഷന് നലകിയിട്ടുണ്ടോ ; എന്നാണ് നൽകിയത് ; ഏതുവർഷത്തേയ്ക്കുള്ളതാണ് നൽകിയത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്മേൽ റഗുലേറ്ററി കമ്മിഷൻ തെളിവെടുപ്പ് നടത്തിയിട്ടുണ്ടോ ; റഗുലേറ്ററി കമ്മിഷൻ കെ.എസ്.ഇ.ബി യുടെ നിർദ്ദേശം അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി)

<u>കെ.എസ്.ഇ.ബി. യുടെ പോസ്റ്റുകളിലൂടെയുള്ള കേബിളുകൾ</u>

2208. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ പോസ്റ്റുകളിലൂടെ കേബിളുകൾ വലിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എത്ര തുക ഈടാക്കി വരുന്നുവെന്നതിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ തുക വിവരം ജില്ലാടിസ്ഥാനത്തിൽ വാർഷിക ക്രമത്തിൽ ലഭ്യമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് കുടിശ്ശികയിനത്തിൽ എത്ര തുക ലഭ്യമാകാനുണ്ട് എന്നുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

<u>കെ.എസ്.ഇ.ബി. യിൽ മസ്ദൂർ തസ്തികയിലെ ഒഴിവുകൾ</u>

2209. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിൽ മസ്ദൂർ തസ്തികയിൽ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോയെന്നും 2015-16 സാമ്പത്തിക വർഷം എത്ര ഒഴിവുകളാണ് മസ്ദൂർ തസ്തികയിൽ പ്രതീക്ഷിക്കുന്നതെന്നും അറിയിക്കുമോ;

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം വ്യക്തമാക്കാമോ;

<u>കെ.എസ്.ഇ.ബി. ജീവനക്കാരുടെ വാഹന ആനുകൂല്യങ്ങൾ</u>

2210. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി തകരാറുകളും ഉപഭോക്താക്കളുടെ പരാതികളും പരിഹരിക്കുന്നതിന് കെ.എസ്.ഇ.ബി. ജീവനക്കാർ അവരുടെ സ്വന്തം വാഹനങ്ങളിലാണ് ഫീൽഡിൽ പോകുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ചെലവിലേക്കായി ബോർഡിൽ നിന്നും നല്കി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിൽ നല്കി വരുന്ന ആനുകൂല്യങ്ങൾ പര്യാപ്തമാണോ; ഇല്ലെങ്കിൽ ഇത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആവശ്യത്തിലേക്കായി ഉപയോഗിക്കുന്ന ജീവനക്കാരുടെ സ്വകാര്യ ടൂ വീലറുകളിലും മറ്റു വാഹനങ്ങളിലും കെ.എസ്.ഇ.ബി. എന്ന് ആലേഖനം ചെയ്ത ബോർഡുകൾ സ്ഥാപിക്കുന്നതിന് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള അനുവാദം ജീവനക്കാർക്ക് നൽകുമോ?

<u>കെ.എസ്സ്.ഇ.ബി പെൻഷൻ ഫണ്ട് രൂപീകരണം</u>

2211. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്സ്.ഇ.ബി പെൻഷൻ ഫണ്ടിൽ നാളിതുവരെ സർക്കാർ വിഹിതമായും കമ്പനി വിഹിതമായും എത്ര തുക നിക്ഷേപിച്ചിട്ടുണ്ട്;

(ബി) മുൻകാലങ്ങളിൽ വൈദ്യുതി ബോർഡിൽ നിലനിന്നിരുന്ന പെൻഷൻ രീതി പുന:സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>കേരള പവർ ഇപ്രൂവ്മെന്റ് സ്കീം</u>

2212. **ശ്രീ.കെ.ശിവദാസൻ നായർ**
**,, കെ.മുരളീധരൻ**
**,, ജോസഫ് വാഴയ്ക്കൻ**
**,, എ.റ്റി.ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള പവർ ഇപ്രൂവ്മെന്റ് സ്കീം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശി ക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>അധിക ഊർജ്ജ ലഭ്യത ഉറപ്പാക്കാൻ നടപടികൾ</u>

2213. ശ്രീ.സി.മോയിൻ കുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എം.ഉമ്മർ
,, പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുടക്കമിട്ട വൻകിട വികസന പദ്ധതികൾക്ക് വേണ്ടിവരുന്ന അധിക ഊർജ്ജ ലഭ്യത ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വർദ്ധനവ് പരിഗണിച്ച് ഊർജ്ജത്തിന്റെ ആഭ്യന്തര ഉല്പാദനം, വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; ആയതിന് ഏതൊക്കെ മേഖലകളിൽ നിന്നു ഊർജ്ജം ലഭ്യമാക്കാനാവുമെന്നു പ്രതീക്ഷിക്കുന്നു?

<u>റിംഗ് മെയിൻ യൂണിറ്റ്, സൂപ്പർവൈസറി കൺട്രോൾ ആന്റ് ഡേറ്റാ അക്വിസിഷൻ സംവിധാനങ്ങൾ</u>

2214. ശ്രീ.പി.കെ.ഗുരുദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗരത്തിൽ റിംഗ് മെയിൻ യൂണിറ്റ് (ആർ. എം. യു), സൂപ്പർവൈസറി കൺട്രോൾ ആന്റ് ഡേറ്റാ അക്വിസിഷൻ എന്നീ സംവിധാനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചെലവ് എത്രയെന്നറിയിക്കാമോ?

<u>ഉപയോഗ ശൂന്യമായ സി.എഫ്.എൽ. ബൾബുകൾ</u>

2215. ശ്രീ.കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗ ശൂന്യമായ സി.എഫ്.എൽ. ബൾബുകൾ അലക്ഷ്യമായി ഉപേക്ഷിക്കുന്നത് ഗുരുതരമായ പരിസര മലിനീകരണത്തിന് കാരണമാകുന്നതായും ഇവ സുരക്ഷിതമായി സംസ്കരിക്കുന്നതിന് പ്ലാന്റ് സ്ഥാപിക്കുമെന്നും 2013-14 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ;

(ബി) എങ്കിൽ ഇതിനായി നീക്കിവെച്ച തുക എത്രയെന്നും അതിൽ എന്തു തുക ചെലവഴിച്ചുവെന്നും പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ?

<u>കേടായ വൈദ്യുതി മീറ്ററുകൾ</u>

2216. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി മീറ്ററുകൾ കേടായിട്ടുണ്ടെന്നും ആയവ മാറ്റി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) മീറ്റർ കേടായാൽ വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും ചാർജ്ജ് ഈടാക്കുന്നത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത രീതിക്ക് മാറ്റം വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കമോ ?

<u>സോളാർ വൈദ്യുതീകരണത്തിന് ചുമതലയുള്ള സർക്കാർ ഏജൻസികൾ</u>

2217. ശ്രീ.പി.തിലോത്തമൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ പാനലുകളും പാരമ്പര്യേതര ഊർജ്ജം ഉപയോഗിച്ചുള്ള വൈദ്യുതീകരണത്തിനുമുള്ള ഉപകരണങ്ങളും സ്ഥാപിക്കുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളും ഏജൻസികളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളും ഏജൻസികളും സ്ഥാപിക്കുന്ന ഉപകരണങ്ങളുടെ ഗുണനിലവാരവും ഇതിനായി ചുമത്തുന്ന ഫീസും പരിശോധിക്കുന്നത് ആരാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം സ്ഥാപനങ്ങളും ഏജൻസികളും നൽകുന്ന സേവനങ്ങൾക്കും സ്ഥാപിക്കുന്ന ഉപകരണങ്ങൾക്കും ഗുണനിലവാരം ഇല്ലാത്തതാണെന്ന ,യാതൊരു നീതീകരണവുമില്ലാതെ ഫീസ് ഈടാക്കുന്നവയാണെന്നോ ഉള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്നു വ്യക്തമാക്കാമോ;

(ഡി) അംഗീകൃത സ്ഥാപനങ്ങൾ സബ്സിഡി അടക്കം നൽകി നടപ്പിലാക്കുന്ന പദ്ധതികൾക്ക് അതേ ഗുണനിലവാരവും സർവ്വീസ് ഉറപ്പുകളും നൽകി ചില സ്വകാര്യ സ്ഥാപനങ്ങൾ അതിനേക്കാൾ കുറഞ്ഞ ചെലവിൽ ഇവ സ്ഥാപിക്കുവാൻ കഴിയുമെന്ന അവകാശവാദവുമായി വന്നിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ചെലവിൽ വ്യത്യാസം എങ്ങനെ സംഭവിക്കുന്നതാണെന്ന് അറിയുമോ;

(ഇ) ഇത്തരം സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ് , ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് എടുക്കുന്ന കാലയളവ്, ഗുണനിലവാരം, തുടർസേവന കാലയളവ് തുടങ്ങിയവ വിശദമാക്കുന്ന പരസ്യങ്ങൾ എല്ലാ മാസവും പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതി</u>

2218. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതിയ്ക്ക് ഭരണാനുമതി ലഭിക്കുകയുണ്ടായോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്നും പദ്ധതിയുടെ സ്ഥാപിത ശേഷി എത്രയാണെന്നും അറിയിക്കുമോ;

(സി) പദ്ധതിക്കാവശ്യമായ ഫണ്ട് ഏതെല്ലാം ഏജൻസികൾ മുഖേനയാണ് ലഭ്യമാകുന്നത്;

(ഡി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നും എപ്പോൾ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും അറിയിക്കുമോ?

<u>വെളിയം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ ഉപഭോക്താക്കൾ ;</u>

2219. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വെളിയം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ എത്ര ഉപഭോക്താക്കൾ ഉണ്ട്;

(ബി) വെളിയം സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ രൂപീകരിക്കാൻ കെ.എസ്.ഇ.ബി പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ;

(സി) വെളിയം ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ (ഓടനാവട്ടം അല്ലെങ്കിൽ നെടുമൺകാവ് കേന്ദ്രമാക്കി) രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>സോളാർ ഊർജ്ജ ഉല്പാദന പദ്ധതികൾ</u>

2220. **ശ്രീ.സി.ദിവാകരൻ**
**ശ്രീമതി.ഗീതാ ഗോപി**

ശ്രീ.ജി.എസ്.ജയലാൽ

,, കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ ഊർജ്ജ ഉല്പാദന പദ്ധതികൾക്കായി ഇ-ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പദ്ധതികൾക്കാണ് ടെൻഡർ ക്ഷണിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരു മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് എത്ര ഭൂമി ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) ഒരു മെഗാവാട്ട് സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നല്കുന്നതെന്ന് വിശദമാക്കുമോ?

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

2221. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, ജോസഫ് വാഴയ്ക്കൻ

,, ആർ . സെൽവരാജ്

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

2222. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കു മുൻതൂക്കം നൽകുന്നതിനായി 2014-15 സാമ്പത്തികവർഷത്തിലെ സംസ്ഥാന ബജറ്റിൽ 1.05 കോടി രൂപ വകയിരുത്തി വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഊർജ്ജ മേഖലയിലെ കർമ്മപദ്ധതികൾ

2223. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, വി.റ്റി.ബൽറാം

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ മേഖലയിൽ ഉദ്പാദന-പ്രസരണ വിതരണ രംഗങ്ങളിൽ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സംസ്ഥാന വൈദ്യുതി ബോർഡ് എ. ആർ.ആർ & ഇ.ആർ.സി.

2224. ശ്രീ.എ.കെ.ബാലൻ

,, എളമരം കരീം

,, ബി.സത്യൻ

,, കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ 2014-15 വർഷത്തെ എ. ആർ.ആർ. & ഇ.ആർ.സി. വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത എ. ആർ.ആർ. & ഇ.ആർ.സി. കമ്മീഷന് മുമ്പാകെ ഫയൽ ചെയ്തിട്ടുണ്ടോ;

(ഡി) നിരക്ക് വർദ്ധനവിന് എന്തെങ്കിലും നിർദ്ദേശം മുന്നോട്ടു വച്ചിട്ടുണ്ടോ; എത്രത്തോളം നിരക്ക് വർദ്ധനയാണ് ഉദ്ദേശിക്കുന്നത്?

കോട്ടയം ജില്ലയിലെ വൈദ്യുതി രംഗം

2225. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ വൈദ്യുതി രംഗം മെച്ചപ്പെടുത്തുന്നതിന് വിഭാവനം ചെയ്യുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഇതിൽ എത്ര സബ് സ്റ്റേഷനുകൾ പുതുതായി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജില്ലയിലെ വൈദ്യുതി മേഖല നവീകരിക്കുന്നതിനായി കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജില്ലയിലെ വൈദ്യുതിമേഖല മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയെന്നും ഇതിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും വിശദമാക്കുമോ?

കോവൂർ സെക്ഷനിലെ വൈദ്യുതി ഉപഭോക്താക്കൾ

2226. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോവൂർ സെക്ഷനിൽ എത്ര വൈദ്യുതി ഉപഭോക്താക്കളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെക്ഷൻ വിഭജിക്കാൻ വൈദ്യുതി ബോർഡ് നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വൈദ്യുത ചാർജ്ജ് വർദ്ധനവ്

2227. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി ചാർജ് വിവിധ ഘട്ടങ്ങളിൽ വർദ്ധിപ്പിക്കാൻ ഉണ്ടായ സാഹചര്യം വിശദമാക്കുമോ;

(ബി) നിലവിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

എനർജി ഇന്നവേഷൻ സോൺ

2228. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള എനർജി ഇന്നവേഷൻ സോണിനു വേണ്ടി എത്ര തുകയാണ് 2014-15, 2015-16-ൽ ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ജലത്തിൽ നിന്നല്ലാതെയുള്ള വൈദ്യുത പദ്ധതികൾ</u>

2229. ശ്രീ.കെ.സുരേഷ് കുറുപ്പ്
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.ബാബു എം. പാലിശ്ശേരി
,, കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതിയിൽ കൂടിയല്ലാതെ വൈദ്യുതി ഉൽപാദിക്കുന്നതിനുള്ള പ്രഖ്യാപനങ്ങളുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ജലവൈദ്യുതിയല്ലാതെ എത്ര വൈദ്യുതി ഉൽപാദനത്തിനാണ് ഈ സർക്കാരിന്റെ കാലയളവിൽ പ്രഖ്യാപനം നടത്തിയിരുന്നത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ ഉദ്ദേശ്യത്തിനനുസരിച്ച് പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഊർജ്ജ സംരക്ഷണത്തിനായുള്ള പദ്ധതികൾ</u>

2230. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഊർജ്ജസംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഓരോന്നിനും എത്ര തുക വീതം ചെലവഴിച്ചുവെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>വൈദ്യുതി അപകടം</u>

2231. ശ്രീ.ജോസഫ് വാഴയ്ക്കൻ
,, ടി.എൻ. പ്രതാപൻ
,, ബെന്നി ബെഹനാൻ
,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലി സമയങ്ങളിൽ ജീവനക്കാർക്ക് അപകടം സംഭവിക്കുന്നത് തടയാനും ആയത് ശ്രദ്ധിക്കാനും വൈദ്യുതി വകുപ്പിൽ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) പദ്ധതിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>വൈദ്യുതി ഉൽപ്പാദന പദ്ധതികൾ</u>

2232. ശ്രീ.വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിൽ ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും എന്തെല്ലാം പദ്ധതികളാണ് ഉൽപ്പാദനരംഗത്ത് പ്രഖ്യാപിച്ചിരുന്നത് ;

(ബി) ഇത്തരം പദ്ധതികളിൽ ഉൽപ്പാദനലക്ഷ്യം കൈവരിക്കാൻ സാധിക്കാതിരുന്നത് ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വിതരണ മേഖല

2233. ശ്രീ.എളമരം കരീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനും സഞ്ചിതസാങ്കേതിക നഷ്ടം കുറയ്ക്കുന്നതിനും ആർ.എ.പി.ഡി.ആർ.പി , ആർ.ജി.ജി.വൈ ഉൾപ്പെടെ 2013- 2014 ബഡ്ജറ്റിൽ നീക്കിവെച്ച 800 കോടി രൂപ പ്രസ്തുത ആവശ്യങ്ങൾക്കായി തൻ വർഷം ചെലവഴിച്ചിട്ടുണ്ടായിരുന്നോ ;

(ബി) പ്രസ്തുത വർഷം 4.68 ലക്ഷം പുതിയ സർവ്വീസ് കണക്ഷൻ നൽകുമെന്ന വാഗ്ദാനം പാലിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഊർജ്ജ രംഗത്ത് ലഭിച്ച പുരസ്കാരങ്ങൾ

2234. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, വർക്കല കഹാർ

,, സണ്ണി ജോസഫ്

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിൻെറ കാലത്ത് ഊർജ്ജ രംഗത്ത് പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത രംഗത്ത് ലഭിച്ച അംഗീകാരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇവ ലഭിക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

മീറ്റർ റീഡിങ്ങ് ലാബിൻെറ പ്രവർത്തനം

2235. ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വൈദ്യുതി വകുപ്പിന് കീഴിൽ മീറ്റർ റീഡിങ്ങ് ലാബിൻെറ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മീറ്റർ റീഡിങ്ങ് ലാബിൻെറ പ്രവർത്തനം ആരംഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

വൈദ്യുതി കുടിശ്ശിക

2236. ശ്രീ.എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശികയിനത്തിൽ എത്ര തുക പിരിച്ചെടുത്തു;വ്യക്തമാക്കാമോ;

(ബി) ഇനിയും പിരിച്ചെടുക്കുവാനുള്ള കുടിശ്ശിക സംബന്ധിച്ച വിശദമായ ലിസ്റ്റ് പ്രസിദ്ധീകരിക്കാമോ;

ഊർജ്ജ ഉൽപ്പാദനം

2237. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ലക്ഷ്യമിട്ട ഊർജ്ജ ഉൽപ്പാദനം എത്ര യൂണിറ്റായിരുന്നു ;

(ബി) ഓരോ വർഷവും ലക്ഷ്യമിട്ട ഊർജ്ജ ഉൽപ്പാദനം സാധ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം

വ്യക്തമാക്കുമോ?

വൈദ്യുതി ചാർജ്ജ് വർദ്ധന

2238. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളതെന്ന് വിശദമാക്കുമോ?

വൈദ്യുതി ഉൽപ്പാദനം

2239. ശ്രീ.വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിൽ ഉൽപ്പാദനം ഉപഭോഗത്തിനാവശ്യമായ രീതിയിൽ സാദ്ധ്യമാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും ഉപഭോഗ ആവശ്യത്തിനനുസരിച്ച് ഉൽപ്പാദനം നടത്താൻ സാധിക്കാതിരുന്നതിന്റെ അന്തരം യൂണിറ്റടിസ്ഥാനത്തിൽ വിശദമാക്കുമോ ?

വൈദ്യുതി നിയമത്തിൽ ഭേദഗതി

2240. ശ്രീ.ജി.സുധാകരൻ

,, എസ്.ശർമ്മ

,, പി.ശ്രീരാമകൃഷ്ണൻ

,, കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിയമത്തിൽ എന്തെങ്കിലും ഭേദഗതി കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ അഭിപ്രായം തേടിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഭേദഗതി പ്രകാരം വൈദ്യുതി വിതരണ മേഖല വിഭജിക്കുന്നതിന് നിർദ്ദേശമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ

2241. ശ്രീ.പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്നും എത്ര ലൈൻ കൺവേർഷൻ നടത്തിയെന്നും വിശദമാക്കാമോ ;

(സി) ഓരോ പദ്ധതിയും അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ചടയമംഗലം മണ്ഡലത്തിൽ കെ.എസ്.ഇ.ബി മുഖേന നടപ്പിലാക്കിയ വികസന പദ്ധതികൾ

2242. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിൽ 2011 മേയ് മാസം മുതൽ 2015 നവംബർ വരെ കെ.എസ്.ഇ.ബി മുഖേന നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് തരം തിരിച്ച് വിശദമാക്കുമോ?

(സി) ഭരണാനുമതി ലഭിച്ചിട്ടുള്ളതും നിർമ്മാണം നടന്നുവരുന്നതുമായ പദ്ധതികളുടെ വിശദാംശം നൽകുമോ?

<u>വൈദ്യുതി പോസ്റ്റുകളുടെ ഗുണ നിലവാരം</u>

2243. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൺക്രീറ്റ് കൊണ്ടുള്ള വൈദ്യുതി പോസ്റ്റുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) പോൾകാസ്റ്റിംങ് യൂണിറ്റുകളിൽ ഉദ്യോഗസ്ഥരുടെ പരിശോധന കർശനമാക്കുന്നതിന് നടപടി സ്വീകരിക്കുമോ

(സി) ഊർജ്ജ വിതരണ ലൈനുകൾ കേബിളുകളാക്കുന്ന നടപടി ത്വരിതപ്പെടുത്തുമോ ?

<u>വൈദ്യുതി ലാഭിക്കാനുള്ള പദ്ധതികൾ</u>

2244. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് വൈദ്യുതി ലാഭിക്കുന്നതിന്റെ ഭാഗമായി സി. എഫ്. എൽ. ലൈറ്റുകൾ സൗജന്യമായി നൽകിയിരുന്നത് ഗുണകരമായ നടപടി ആയിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ തുടർച്ചയെന്നോണം എൽ. ഇ. ഡി. ലൈറ്റുകൾ നാമമാത്ര വിലയ്ക്കോ സൗജന്യമായോ നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ?

<u>വൈദ്യുതി സബ്സ്റ്റേഷനുകൾ</u>

2245. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ വൈദ്യുതി സബ്സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന വ്യക്തമാക്കുമോ;

(ബി) എവിടെയൊക്കെയാണ് പ്രസ്തുത സബ്സ്റ്റേഷനുകൾ പ്രവർത്തനമാരംഭിച്ചത്;

(സി) പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏതൊക്കെയാണ്?

<u>ലോക്കൽ ഏരിയ പച്ചർ ഡവലപ്പ്മെന്റ് പദ്ധതി</u>

2246. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ലോക്കൽ ഏരിയ പവർ ഡവലപ്പ്മെന്റ് പദ്ധതി (LAPDS) നടപ്പിലാക്കുന്നതിലേക്ക് അനുമതി നൽകിയിട്ടുണ്ടായിരുന്നുവോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കുവാൻ വിഭാവനം ചെയ്തിരുന്ന പ്രവർത്തനങ്ങൾ

എന്തൊക്കെയാണെന്നും, ഇതിലേക്ക് ആവശ്യമായി വരുന്ന തുക കണ്ടെത്തുവാനുള്ള മാർഗ്ഗങ്ങൾ ഏതൊക്കയാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; ഇല്ലായെങ്കിൽ എന്നത്തേയ്ക്ക് പദ്ധതി ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഊർജ്ജിത ഊർജ വികസന പരിഷ്കരണ പദ്ധതി

2247. ശ്രീ.സണ്ണി ജോസഫ്
,, എം.എ. വാഹീദ്
,, പി.എ.മാധവൻ
,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജിത ഊർജ വികസന പരിഷ്കരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കാറ്റിൽ നിന്നും വൈദ്യുതി

2248. ശ്രീ.കെ.കെ.ജയചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും കാറ്റിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടതെന്നും അത് പ്രാവർത്തികമാക്കുന്നതിന് സാധ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വൈദ്യുതി ഉൽപ്പാദനത്തിന് പൊതുധനം ഉപയോഗപ്പെടുത്തിയിട്ടുണ്ടോ ;

(സി) എന്കിൽ ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും ഇതിനായി ഉപയോഗിച്ച പൊതുധനത്തിന്റെ കണക്ക് വ്യക്തമാക്കുമോ ?

വൈദ്യുതി ഉത്പാദനം

2249. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പ്രതിദിന വൈദ്യുതി ഉത്പാദനം എത്ര യൂണിറ്റാണ്;

(ബി) എത്ര യൂണിറ്റ് വൈദ്യുതി ഒരു ദിവസം ആവശ്യമായി വരുന്നുണ്ട്;

(സി) വൈദ്യുതോൽപാദനം വർദ്ധിപ്പിക്കുന്നതിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

വൈദ്യുതി ഉത്പാദനം

2250. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കുന്നത്; ഏതൊക്കെ പദ്ധതികളിൽ നിന്നും എത്ര മെഗവാട്ട് വൈദ്യുതി വീതമാണ് പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; വിവിധ പദ്ധതികളിൽ നിന്നും ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് എത്ര രൂപ

ചെലവ് വരും എന്ന് ഇനം തിരിച്ച് വ്യക്തമാക്കുക;

(ബി) എത്ര രൂപ നിരക്കിലാണ് ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുന്നത്; വൈദ്യുതി ഉൽപ്പാദനവും വിതരണവും തമ്മിലുള്ള വ്യത്യാസം എത്രയാണ്; അധിക വൈദ്യുതിയുടെ ഉപഭോഗം എവിടെ നിന്നാണ് നികത്തുന്നത്; ഒരു യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് നൽകുന്നത്;

(സി) വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പാരമ്പര്യേതര ഊർജ്ജ പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏറ്റവും അധികം ലഭ്യമാകുന്ന സോളാർ എനർജി ഉപയോഗിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; സർക്കാർ സ്ഥാപനങ്ങളിലെല്ലാം സോളാർ എനർജി പദ്ധതി നടപ്പാക്കിയാൽ വൈദ്യുതി ചാർജ് ഇനത്തിൽ കോടിക്കണക്കിന് രൂപ ലാഭിക്കാൻ കഴിയുന്ന എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## വൈദ്യുതി ബോർഡുകളുടെ കടബാദ്ധ്യത

2251. ഡോ.ടി.എം.തോമസ് ഐസക്

,, കെ.ടി.ജലീൽ

ശ്രീ.കെ.വി.വിജയദാസ്

,, വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡുകളുടെ കടബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന് കേന്ദ്രസർക്കാർ പദ്ധതി മുന്നോട്ട് വച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം വൈദ്യുതി മേഖലയിൽ കേന്ദ്ര സഹായം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിലെ വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

## വൈദ്യുതി പോസ്റ്റുകളിൽ കേബിളുകൾ സ്ഥാപിക്കൽ

T 2252. ശ്രീ.എൻ. ഷംസുദ്ദീൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ പോസ്റ്റുകൾ സ്ഥാപിച്ചോ, വൈദ്യുതി പോസ്റ്റുകളിലൂടെയോ കേബിളുകൾ വലിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; ഇതിന് സെസ് ഈടാക്കുന്നുണ്ടോ; എങ്കിൽ ഒരു വർഷം പ്രസ്തുത ഇനത്തിൽ എത്ര തുക ലഭിക്കുന്നുണ്ട്;

(ബി) പ്രസ്തുത കേബിളുകൾ പൊട്ടിയും താഴ്ന്നും കിടക്കുന്നത് വഴി വാഹനയാത്രക്കാർക്കും കാൽനടക്കാർക്കും ഉണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതൊഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## കാസർകോട് ജില്ലയിലെ പദ്ധതികൾ

2253. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാസർകോട് ജില്ലയിൽ ഊർജ്ജ വകുപ്പിന് കീഴിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ജില്ലയിലെ രൂക്ഷമായ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് പറയാമോ;

(സി) ഉപഭോക്താക്കളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് സെക്ഷൻ ഓഫീസുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) സെക്ഷൻ ഓഫീസുകളുടെ രൂപീകരണത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന്

വിശദമാക്കാമോ?

(ഇ) ജില്ലയിൽ പുതിയ എത്ര തസ്തികകളാണ് സൃഷ്ടിച്ചതെന്ന് തസ്തിക, ഓഫീസ് തിരിച്ച് വിശദമാക്കാമോ?

അനെർട്ട് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

2254. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് അനെർട്ട് വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അനെർട്ട് മുഖാന്തിരം വില്പന നടത്തി വരുന്ന ഉപകരണങ്ങൾ എന്തൊക്കെയാണെന്നും ഓരോന്നിനും എ.പി.എൽ വിഭാഗക്കാരുടെയും ബി.പി.എൽ വിഭാഗക്കാരുടെയും പക്കൽ നിന്നും ഈടാക്കി വരുന്ന തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിന് ഓരോ വിഭാഗക്കാരും അനെർട്ടിൽ സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സൗരോർജ്ജ പദ്ധതി

2255. ശ്രീ.ലൂഡി ലൂയിസ്
,, അൻവർ സാദത്ത്
,, സി.പി.മുഹമ്മദ്
,, എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വീട്ടുകളിൽ ഏറ്റവും കുറച്ച് വൈദ്യുതി ഉപയോഗിക്കുന്നതിന് പ്രോത്സാഹനം

2256. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ വൈദ്യുതി കുറച്ച് ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) വൈദ്യുതി കൂടുതൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾക്ക് പകരം ചെലവ് കുറഞ്ഞതും വൈദ്യുതി ഉപയോഗം വളരെ കുറഞ്ഞതുമായ ഇനങ്ങളെയും ബ്രാൻഡുകളെയും പരിചയപ്പെടുത്തുവാനും അതിന്റെ കാര്യക്ഷമവും വൈദ്യുതി ഉപയോഗം കുറയ്ക്കാവുന്നതുമായ പ്രയോഗം പരിചയപ്പെടുത്തുവാനും നടപടികളുണ്ടോ;

(സി) കുട്ടികളുടെ ഇടയിൽ വൈദ്യുതി ഉപയോഗം കുറയ്ക്കുന്ന ശീലമുണ്ടാക്കാൻ എന്തെല്ലാം പാഠങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ ?

സൗരോർജ്ജ വൈദ്യുതി

2257. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൗരോർജ്ജ വൈദ്യുതി വഴി എത്ര യൂണിറ്റ് വൈദ്യുതി പ്രതിദിനം ഉത്പാദിപ്പിക്കുന്നുണ്ടെന്നും സൗരോർജ്ജ വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി സംസ്ഥാനത്തെ ആകെ ഉത്പാദനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

## സൗരോർജ്ജ വൈദ്യുതി

2258. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് സൗരോർജ്ജ വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഏതൊക്കെ ജില്ലകളിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ?

## കാസർഗോഡ് വൈദ്യുതി സബ് സ്റ്റേഷൻ

2259. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വൈദ്യുതി സബ് സ്റ്റേഷന്റെ 10 മെഗാവാട്ടിന്റെ ട്രാൻസ്ഫോർമർ 20 മെഗാവാട്ടിന്റേതാക്കാൻ ആലോചനയുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നടപടി സംബന്ധിച്ച് സ്വീകരിച്ച മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ ;

(സി) അതു സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുമോ ?

## പ്രോജക്ട് സൺഷിഫ്റ്റ്

2260. **ശ്രീ.ബെന്നി ബെഹനാൻ**
**,, അൻവർ സാദത്ത്**
**,, സണ്ണി ജോസഫ്**
**,, തേറമ്പിൽ രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'പ്രോജക്ട് സൺഷിഫ്റ്റ്' രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## ലക്ഷ്യമിട്ട ഊർജ്ജ ഉല്പാദനം

2261. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ**
**,, ബി.ഡി. ദേവസ്സി**
**,, കെ. ദാസൻ**
**,, എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലക്ഷ്യമിട്ട ഊർജ്ജ ഉല്പാദനം കൈവരിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

അതിരപ്പള്ളി ജലവൈദ്യുത പദ്ധതി

2262. ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർജില്ലയിലെ അതിരപ്പള്ളി പദ്ധതിക്ക് കേന്ദ്രാനുമതിലഭിച്ചിട്ടുണ്ടോ:എങ്കിൽഎന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി എത്ര മെഗാവാട്ടിന്റേതാണെന്നും,ടേൺകീ അടിസ്ഥാനത്തിൽ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ഇതുവരെയുള്ള പ്രവർത്തനങ്ങൾ അവസാനിപ്പിച്ചിട്ട് വീണ്ടും ദർഘാസ് വിളിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു രീതിയിലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) പദ്ധതികളുമായി ബന്ധപ്പെട്ട് ഗ്ലോബൽ ഇ-ടെൻഡർ വിളിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

തിരമാലയിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം

2263. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരമാലയിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം ലക്ഷ്യമിട്ട തരത്തിൽ പ്രാവർത്തികമാക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന

2264. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന പദ്ധതി എന്നുമുതലാണ് ആരംഭിച്ചത് ; എന്തെല്ലാം പദ്ധതി പ്രവർത്തനങ്ങളാണ് ആരംഭിച്ചത് ; ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓരോ വർഷവും ലഭിച്ച തുകയും ചെലവഴിച്ച തുകയും വിശദമാക്കുമോ ?

പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ്

2265. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ .എസ്.ഇ ബി മഞ്ചേരി ഡിവിഷനു കീഴിൽ മലപ്പുറം മണ്ഡലത്തിലെ പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നിലവിലെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;ഈ സർക്കാരിന്റെ കാലത്ത് പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാമാണ്; പുതുതായി ആരംഭിച്ച സെക്ഷൻ ഓഫീസുകളിൻ കീഴിൽ എത്ര വീതം ഉപഭോക്താക്കളാണ് നിലവിലുള്ളത് ; വിശദാംശം നല്കുമോ;

(സി) പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് തടസ്സമായി ഉന്നയിക്കുന്ന കാരണങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ ;

(ഡി) അവ പരിഹരിച്ച് വള്ളുവമ്പ്രം ,മഞ്ചേരി നോർത്ത്, കിഴിശ്ശേരി എന്നീ സെക്ഷനുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

പോത്തൻകോട് - കാട്ടാക്കട ഹൈടെൻഷൻ ലൈൻ

2266. **ശ്രീ.എം.എ. വാഹീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോത്തൻകോട് - കാട്ടാക്കട ഹൈടെൻഷൻ ലൈനിന്റെ അവശേഷിക്കുന്ന പ്രവൃത്തികൾ ആയ 6 ടവറുകളുടെ അടിത്തറ നിർമ്മാണം, 37 ടവറുകൾ സ്ഥാപിക്കൽ, 28.5 കി.മീ. ലൈൻ വലിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പദ്ധതി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

<u>ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ട്രാൻസ്ഫോർമറുകളുടെ പുന:സ്ഥാപനം</u>

2267. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ-പരവൂർ റോഡ് ഉൾപ്പെടെയുള്ള വിവിധ റോഡുകളുടെ വശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകൾ വഴിയാത്രക്കാർ, വാഹനങ്ങളിലെ യാത്രക്കാർ എന്നിവർക്ക് ജീവഹാനി സംഭവിക്കാൻ ഉതകുന്ന അവസ്ഥയിൽ സ്ഥിതിചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ട്രാൻസ്ഫോർമറുകൾ അപകടം വരാത്തവിധം സ്ഥാപിക്കുവാൻ കെ.എസ്.ഇ.ബി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന</u>

2268. **ശ്രീ.വി.ഡി.സതീശൻ**
**,, ഡൊമിനിക് പ്രസന്റേഷൻ**
**,, വർക്കല കഹാർ**
**,, കെ.ശിവദാസൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ</u>

2269. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിൻെറ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ എട്ടു പഞ്ചായത്തുകളിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

<u>പാരമ്പര്യേതര വൈദ്യുതി ഉൽപ്പാദനം</u>

2270. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര വൈദ്യുതി ഉൽപ്പാദന പദ്ധതിയനുസരിച്ച് ഈ സർക്കാരിന്റെ കാലയളവിൽ ലക്ഷ്യമിട്ട ഉൽപ്പാദനം സാദ്ധ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഊർജോത്പാദന പദ്ധതികൾ

2271. ശ്രീ.സി.കെ.നാണു
ശ്രീമതി.ജമീലാ പ്രകാശം
ശ്രീ.ജോസ് തെറ്റയിൽ
,, മാത്യു റ്റി.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഊർജോത്പാദന പദ്ധതികൾക്ക് പുതുതായി രൂപം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത കാലയളവിൽ സൗരോർജ്ജം ഉത്പാദിപ്പിക്കുന്നതിനുള്ള എത്ര പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വടശ്ശേരിക്കര ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

2272. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ വടശ്ശേരിക്കര ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനു കീഴിൽ എത്ര വൈദ്യുതി ഉപഭോക്താക്കാളാണ് ഗാർഹികേതരവുമായി ഉള്ളതെന്ന് പറയാമോ; ഇത് എതൊക്ക പഞ്ചായത്തുകളിലാണ് വരുന്നത്; ശബരിമല ഉൾപ്പെടെയുള്ള വളരെ വിപുലമായ പ്രദേശം ഒരു വൈദ്യുതി സെക്ഷനുകീഴിൽ മാത്രമായി പ്രവർത്തിക്കുന്നത് പ്രായോഗിമാണോ;

(ബി) വീടുകളുടെ എണ്ണവും ഉപഭോക്താക്കളുടെ എണ്ണവും വർധിച്ചതനുസരിച്ച് വടശ്ശേരിക്കര സെക്ഷൻ വിഭജിച്ച് അത്തിക്കയത്തോ പെരുനാട്ടിലോ കേന്ദ്രമാക്കി പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് സർക്കാർ തയ്യാറാവുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

സൗരോർജ്ജവും ഗാർഹിക ഉപഭോക്താക്കളും

2273. ശ്രീമതി.ഗീതാ ഗോപി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട്ടാവശ്യത്തിന് സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഉപഭോക്താക്കൾക്ക് ധനസഹായം ലഭ്യമാണോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) സൗരോർജ്ജ പാനലുകൾ വീടുകളിൽ സ്ഥാപിക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ, എങ്കിൽ പട്ടിക ലഭ്യമാക്കുമോ;

പുഴക്കാട്ടിരി ഇലക്ട്രിക്കൽ സെക്ഷൻ

2274. ശ്രീ.റ്റി.എ.അഹമ്മദ് കബീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാല് ഗ്രാമ പഞ്ചായത്തുകളിലായി വ്യാപിച്ച് കിടക്കുന്ന മക്കരപറമ്പ് ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പുഴക്കാട്ടിരി സെക്ഷൻ ആരംഭിക്കണമെന്നാവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആവശ്യം അനുവദിക്കാൻ ബഹു. ഊർജ്ജ വകുപ്പ് മന്ത്രി അനുമതി നൽകിയിട്ടും നാളിതുവരെ പുഴക്കാട്ടിരി സെക്ഷൻ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഇലക്ട്രിക്കൽ വയറിംഗ് ജോലികൾ

2275. ശ്രീ.കെ.രാജു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക്കൽ വയറിംഗ് ജോലികൾ അന്യസംസ്ഥാന തൊഴിലാളികളെ കൊണ്ടും ലൈസൻസ് ഇല്ലാത്ത തൊഴിലാളികളെക്കൊണ്ടും ചെയ്യിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജോലികൾ ചെയ്യുന്നതിന് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്കെതിരെ എന്തൊക്കെ ശിക്ഷണ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ചീരക്കുഴിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നത് സംബന്ധിച്ച്</u>

2276. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കയം ഇലക്ട്രിക്കൽ സെക്ഷന് പരിധിയിൽ കൂട്ടിലങ്ങാടി പഞ്ചായത്തിലെ മങ്കട പള്ളിപ്പുറം ചീരക്കുഴിയിൽ വോൾട്ട് ക്ഷാമം രൂക്ഷമായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

(ബി) ഉണ്ടെങ്കിൽ ചീരക്കുഴിയിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ

<u>ട്രാൻസ്മിഷൻ പ്രവർത്തനത്തിനായി സബ് സ്റ്റേഷനുകളും ലൈനുകളും</u>

2277. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്മിഷൻ പ്രവർത്തനങ്ങൾക്കായി 22 പുതിയ സബ് സ്റ്റേഷനുകളും ലൈനുകളും 2014-15-ൽ പൂർത്തിയാക്കാനുദ്ദേശിച്ചുകൊണ്ട് പ്രസ്തുത സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 240 കോടി രൂപ അനുവദിച്ചിരുന്നു,അത് വിനിയോഗിച്ച് പൂർത്തിയാക്കിയ സബ്സ്റ്റേഷനുകൾ , ലൈനുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി</u>

2278. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതിക്കായി ബഡ്ജറ്റിൽ എന്നാണ് തുക വകയിരുത്തിയത് ;

(ബി) പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ എത്രപ്രാവശ്യം തുക റിവൈസ് ചെയ്തിട്ടുണ്ട് ;

(സി) പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടാക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടവർ</u>

2279. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ വൈദ്യുതി ലൈനുകൾ, ഡൊമസ്റ്റിക് കണക്ഷൻ നെറ്റ് വർക്ക് കേബിളുകൾ എന്നിവയിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടവർ ആകെ എത്ര ; ഇതിൽ വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥർ, താല്ക്കാലിക ജീവനക്കാർ, കരാർ തൊഴിലാളികൾ, സാധാരണക്കാർ എത്ര വീതമെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ; ഇത്തരത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് എന്തൊക്കെ സഹായങ്ങൾ നലകി ;വ്യക്തമാക്കുമോ ;

(ബി) ഇക്കാലയളവിനുള്ളിൽ വൈദ്യുതി ലൈൻ പൊട്ടിവീണതു മൂലവും ലൈനുകൾക്കിടയിൽ ചെന്നുപെട്ടതുമൂലവും

കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലവും മരണപ്പെട്ട കന്നുകാലികൾ, വന്യമൃഗങ്ങൾ എന്നിവ എത്രയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ കൃത്യവിലോപം നടത്തിയ എത്ര കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചുവെന്നും എപ്രകാരമുള്ള നടപടിയെന്നും അവർ ആരൊക്കെയെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

### ഊർജ്ജോൽപ്പാദനവും സംരക്ഷണവും

2280. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഊർജ്ജോൽപ്പാദനത്തിനും സംരക്ഷണത്തിനുമായി എന്തെല്ലാം നൂതന പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത്;വ്യക്തമാക്കാമോ?

### മൂല-പൊങ്ങമ്പ്ര പാടശേഖരത്തിൽ **100** എച്ച് .പി. യുടെ ട്രാൻസ്ഫോർമർ

2281. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂല-പൊങ്ങമ്പ്ര പാടശേഖര ത്തിൽ 100 എച്ച്പിയുടെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ ഊർജ്ജ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

### ആറ്റിങ്ങലിൽ **33** കെ.വി സബ് സ്റ്റേഷൻ

2282. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങലിൽ 33 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എന്തു തുകയാണ് നീക്കി വച്ചിട്ടുള്ളതെന്നും നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ?

### കടമ്പഴിപ്പുറത്ത് **33** കെ.വി. സബ്സ്റ്റേഷൻ

2283. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് 33 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണ് തീരുമാനം എടുത്തത്;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു;

(സി) സബ്സ്റ്റേഷൻ ആരംഭിക്കുന്നതിന്റെ ഭാഗമായി നടത്തിയ സാങ്കേതിക പഠനത്തിന്റെ കാലിക സ്ഥിതി വ്യക്തമാക്കാമോ; സാങ്കേതിക പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് നല്കുമോ?

### വൈക്കം കല്ലറ **33 KV** സബ്സ്റ്റേഷൻ

2284. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിൽ നിർമ്മാണോത്ഘാടനം കഴിഞ്ഞ കല്ലറ 33 KV സബ് സ്റ്റേഷന്റെ നിർമ്മാണ ജോലികൾ ഏതു ഘട്ടം വരെയെത്തിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സബ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ നിർമ്മാണം എന്നത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

റെയിൽവേ വികസന പദ്ധതികൾ

2285. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റയിൽവേ വികസനത്തിന് ലഭിക്കേണ്ടുന്ന പദ്ധതികൾ നേടിയെടുക്കുന്നതിൽ സംസ്ഥാന സർക്കാർ വീഴ്ച വരുത്തുന്നു ണ്ടോ; വിശദമാക്കുമോ?

പാലക്കാട് പൊള്ളാച്ചി റെയിൽവെ ഗതാഗതം

2286. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് - പൊള്ളാച്ചി റെയിൽവെ ഗതാഗതം യാഥാർത്ഥ്യമായ സാഹചര്യത്തിൽ ആലത്തൂരിൽ ഒരു റിസർവേഷൻ കൗണ്ടർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ഇതിനായി സംസ്ഥാന സർക്കാർ റെയിൽവേ അധികൃതരുമായി ചർച്ച നടത്തുമോ ;

(സി) ഇത്തരം പൊതുജനതാല്പര്യ വിഷയങ്ങൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന സാങ്കേതികമായ തടസ്സങ്ങൾ മാറ്റി നിർത്തുവാനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കുമോ ?

പോസ്റ്റൽ സേവനങ്ങളിൽ പുതിയ പദ്ധതികൾ

2287. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവമാധ്യമങ്ങളുടെയും ആധുനിക വാർത്താ വിനിമയ സംവിധാനങ്ങളുടെയും വളർച്ചയുടെ ഈ ഘട്ടത്തിൽ പോസ്റ്റൽ സേവനങ്ങളെ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്ക് അനുസൃതമായി മാറ്റുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) അൻപത് പൈസമുടക്കി അയയ്ക്കുന്ന ഒരു പോസ്റ്റ് കാർഡിൽ വിവരങ്ങൾ പേന കൊണ്ടെഴുതിയാൽ മാത്രമേ അയയ്ക്കാനാവൂ എന്നും അതിൽ പ്രിൻറ് ചെയ്താൽ കൂടുതൽ പണം അടയ്ക്കണമെന്നുമുള്ള നിർദ്ദേശങ്ങളിൽ ഇളവ് വരുത്തുവാൻ വേണ്ട നിർദ്ദേശം നൽകുമോ;

(സി) കാർഷികോത്പന്നങ്ങൾ വില്പനയുടെ ഭാഗമായി അയയ്ക്കുന്നതിന് ഉപയോഗപ്പെടുത്തുന്നതുപോലെ, കേരളത്തിൽ പോസ്റ്റൽ വകുപ്പിന്റെ സഹായത്താൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണെന്നും അതിന്റെ സേവന വ്യവസ്ഥകൾ എപ്രകാരമാണെന്നും അറിയിക്കുമോ?

ജല മലിനീകരണം

2288. ശ്രീ.സി.എഫ്.തോമസ്
,, റ്റി.യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളും ജല സ്രോതസുകളും വ്യവസായ മാലിന്യങ്ങൾ, ജൈവമാലിന്യങ്ങൾ എന്നിവ കൊണ്ട് മലിനീകരിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മലിനീകരണങ്ങൾ തടയുന്നതിനായി മലിനീകരണ നിയന്ത്രണ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം ;

(സി) മലിനീകരണ നിയന്ത്രണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) ജല - വായു മലിനീകരണ നിയന്ത്രണം കർശനമായി നടപ്പിലാക്കുന്നതിനും വ്യവസായ സ്ഥാപനങ്ങൾ ഇത് പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

## മലനീകരണ നിയന്ത്രണ പദ്ധതി

2289. ശ്രീ.പാലോട് രവി
,, ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ
,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലനീകരണ നിയന്ത്രണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

## മൊബൈൽ ടവറുകളുടെ പ്രവർത്തനവും ശബ്ദ മലിനീകരണവും

T 2290. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൊബൈൽ ടവറുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ടവറുകളിൽ നിന്നുള്ള വികിരണം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ടവറുകൾക്ക് അനുവദിച്ചിട്ടുള്ള ശബ്ദത്തിന്റെ തോത് എത്രയെന്ന് അറിയിക്കുമോ;

(ഡി) ടവറുകളുമായി ബന്ധപ്പെട്ട് രാത്രിയിലോ പകലോ ജനറേറ്ററുകളും മോട്ടറുകളും പ്രവർത്തിപ്പിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട് അനുവദിച്ച പരമാവധി ശബ്ദത്തിന്റെ അളവ് എത്രയെന്ന് അറിയിക്കുമോ;

(ഇ) ശബ്ദ മലിനീകരണം തടയാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും അധികാരപ്പെട്ട വകുപ്പ് ഏതെന്നും അറിയിക്കുമോ?

## മുഖാമുഖം സഹകാരി പരിപാടി

2291. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ടി.എൻ. പ്രതാപൻ
,, കെ.എസ്.ശബരീനാഥൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹരണ മേഖലയിൽ മുഖാമുഖം സഹകാരി സമ്പർക്ക പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിന്റെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ധാര പദ്ധതി

2292. ശ്രീ.കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് ധാര എന്ന പേരിൽ പദ്ധതി നടപ്പാക്കുമെന്ന് 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ആദ്യഘട്ടമായി ഏതെല്ലാം സ്ഥലങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നതിന് തീരുമാനിച്ചിരുന്നത് ;

(സി) ഇതിനായി എത്ര തുക നീക്കിവച്ചിരുന്നുവെന്നും ഇതുവരെ എത്ര തുക വിനിയോഗിച്ച് ഏതെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്നും വെളിപ്പെടുത്തുമോ ?

<u>സാഗര സഹകരണ ആശുപത്രിയുടെ പ്രവർത്തനം</u>

2293. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ കീഴിൽ ആലപ്പുഴ പുന്നപ്രയിൽ പ്രവർത്തിക്കുന്ന സാഗര ആശുപത്രിയിൽ സർക്കാരിന്റെ വിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി എന്തൊക്കെ വികസന പ്രവർത്തനങ്ങൾക്കാണ് സഹകരണ വകുപ്പ് ശുപാർശ നൽകിയിട്ടുള്ളത്; ഇതിൽ ഏതൊക്കെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കി; നടപ്പാക്കാത്തവ ഏതെല്ലാം; വിശദമാക്കാമോ;

(ബി) സാഗര ആശുപത്രിയിൽ മരുന്നും മറ്റ സർജിക്കൽ ഉപകരണങ്ങളും എവിടെ നിന്നാണ് വാങ്ങിയിരുന്നത്; ഇപ്പോൾ ഇവ വാങ്ങുന്നതിന് സ്വകാര്യസ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്വകാര്യ സ്ഥാപനം ഏതാണ്; കേരള മെഡിക്കൽ കോർപ്പറേഷനെ ഒഴിവാക്കാനുള്ള കാരണമെന്ത്; വ്യക്തമാക്കാമോ;

(സി) സാഗര ആശുപത്രിയിലെ ഹൃദയ ശസ്ത്രക്രിയാ വിഭാഗം പ്രവർത്തിപ്പിക്കുന്നതിന് ഏതെങ്കിലും സ്ഥാപനവുമായോ/ വ്യക്തികളുമായോ ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ; ഇത്തരത്തിൽ തീരുമാനമെടുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; ഹൃദയ ശസ്ത്രക്രിയാ വിഭാഗത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

<u>സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് നടപടി</u>

2294. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സഹകരണ ബാങ്കുകളിലെയും സംഘങ്ങളിലെയും സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനും അവയെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കമ്പ്യൂട്ടറൈസ്ഡ് സംവിധാനങ്ങളും സർപ്രൈസ് ഇൻസ്പെക്ഷനും നടത്തുന്നതിന് നടപടി ഉണ്ടാകുമോ;

(ബി) സഹകരണ സ്ഥാപനങ്ങളിലൂടെ കൂടുതൽ കാർഷിക വായ്പകൾ നല്കുന്നതിനും ഗുണഭോക്താക്കളുടെ വർദ്ധനവ് വിലയിരുത്തുന്നതിനും പ്രത്യേക നടപടി ഉണ്ടാകുമോ?

<u>സഹകരണ മേഖലയും അഴിമതിയും</u>

2295. **ശ്രീ.ഇ.പി.ജയരാജൻ**
**,, എ.എം. ആരിഫ്**
**,, കെ.വി.വിജയദാസ്**
**,, വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ അഴിമതി നിലനിൽക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങളെ തകർക്കുകയും പൊതു വിപണിയിലടക്കം ഇടപെട്ട് സമൂഹത്തിന് ഗുണകരമാകുന്നതിന് സാധിച്ചിരുന്ന സ്ഥാപനങ്ങൾപോലും നഷ്ടങ്ങൾ കാരണം പൂട്ടിയിടുകയും ചെയ്യുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം പരിശോധിച്ചിട്ടുണ്ടോ;

(സി) അഴിമതിക്കാരെ സഹകരണ പ്രസ്ഥാനങ്ങളുടെ ഉന്നത സ്ഥാനങ്ങളിൽ നിയമിച്ച് സഹകരണമേഖലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ തകർക്കുന്ന സമീപനമാണ് സ്വീകരിച്ചതെന്ന ആക്ഷേപം

ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

<u>സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ</u>

2296. ശ്രീ.പി.എ.മാധവൻ
,, അൻവർ സാദത്ത്
,, എം.പി.വിൻസെൻറ്
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപ രംഗത്തെ ഉണർവിനായി കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>സഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേര പദ്ധതി</u>

2297. ശ്രീ.എം.പി.വിൻസെൻറ്
,, പാലോട് രവി
,, എ.പി.അബ്ദുള്ളക്കുട്ടി
,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേര പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>സഹകരണ സംഘങ്ങൾ വഴി നെല്ല് സംഭരണം</u>

2298. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സംഭരണശേഷിയുള്ള സഹകരണ സംഘങ്ങൾക്ക് നെല്ല് നേരിട്ട് സംഭരിക്കുന്നതിനും അരിമില്ലുകൾ സ്ഥാപിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഏറ്റെടുത്തു നടത്തുന്നതിന് തയ്യാറായി വരുന്ന സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കുമോ;

(സി) അത്തരം സഹകരണസംഘങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും വായ്പയും സാമ്പത്തിക സഹായവും നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>സഹകരണ ബാങ്കിൽ നിന്നും വായ്പ</u>

2299. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല സഹകരണ ബാങ്കിൽ നിന്നും വായ്പ എടുക്കുകയും തുടർന്നു വായ്പക്കാരന് മാരകമായ അസുഖം പിടിപെടുക, മരണപ്പെടുക തുടങ്ങിയ സന്ദർഭങ്ങളിൽ ലോൺ തുകയിൽ കുറവ് വരുത്തിയോ , മാനുഷിക പരിഗണന നൽകി വായ്പാ തുക ഒഴിവാക്കുകയോ ചെയ്യുന്ന നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ; എങ്കിൽ ആയത് ഏതൊക്കെ സാഹചര്യങ്ങളിലാണെന്നും , നൽകുന്ന സഹായം എന്താണെന്നും അറിയിക്കുമോ ;

(ബി) വൃക്ക സംബന്ധമായ രോഗം, കാൻസർ, ഗുരുതരമായ ഹൃദയ രോഗങ്ങൾ എന്നിവ മൂലം വായ്പ തിരിച്ചടവ് മുടങ്ങുന്നവർ മരണപ്പെട്ടാൽ റിസ്ക് ഫണ്ട് പരിധിയിൽ ഇവരെ ഉൾപ്പെടുത്തുവാൻ നിയമം അനുവദിക്കുന്നുവോ ; ഇല്ലായെങ്കിൽ കാര്യം ബോദ്ധ്യപ്പെട്ട് പ്രത്യേക പരിഗണന നൽകുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നുണ്ടോ ; വിശദാംശം അറിയിക്കുമോ ?

## സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണ യജ്ഞം

2300. ശ്രീ.കെ.അച്ചുതൻ
,, പി.എ.മാധവൻ
,, കെ.മുരളീധരൻ
,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണ യജ്ഞം നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## സഹകരണ മേഖലയിൽ ജനക്ഷേമകരമായ പദ്ധതികൾ

2301. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനക്ഷേമകരമായ പദ്ധതികൾ സഹകരണ മേഖലയിൽകൂടി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച് 2013 ലെ ബഡ്ജറ്റിൽ നീക്കിവച്ച 75 കോടി രൂപ ലക്ഷ്യമിട്ട തരത്തിൽ ഉപയോഗപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഇനത്തിൽ വകയിരുത്തിയ തുകയിൽ ഇതേ ആവശ്യത്തിലേക്കായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

## സഹകരണ വകുപ്പിൽ വകുപ്പ് പുന:സംഘടന

2302. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ വകുപ്പ് പുന:സംഘടിപ്പിക്കുന്നതിനായി എന്തെങ്കിലും ചർച്ചകളോ നടപടികളോ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) വകുപ്പ് പുന:സംഘടനയുടെ ഭാഗമായി ഇതുവരെ സർക്കാർ നടത്തിയ ചർച്ചകളിൽ പങ്കെടുത്തവർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## സഹകരണ സംഘങ്ങളിൽ മോഡൽ ബൈലോ

2303. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ വിവിധ കാറ്റഗറികൾക്കായി സർക്കാർ തലത്തിൽ മോഡൽ ബൈലോ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ മോഡൽ ബൈലോ നടപ്പിൽ വരുത്താൻ നടപടികൾ സ്വീകരിക്കുമോ?

<u>സഹകരണ സ്ഥാപനങ്ങൾ വഴി സൗരോർജ്ജ സംവിധാനത്തിന് വായ്പ</u>

2304. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ വഴി സൗരോർജ്ജ സംവിധാനത്തിന് വായ്പയും സബ്സിഡിയും അനുവദിക്കുമെന്ന് 2013-14 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സംഘങ്ങൾക്ക് എത്ര വീതം തുക നല്കിയെന്നും എവിടെയെല്ലാം എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും വിശദമാക്കുമോ?

<u>സഹകരണ സ്ഥാപനങ്ങളിലെ സംവരണ ചട്ടം</u>

2305. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളും സഹകരണ സംഘങ്ങളും എത്രയെണ്ണമുണ്ട്;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ആകെ എത്ര ജീവനക്കാരുണ്ടെന്നും പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എത്രയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമനത്തിൽ സംവരണ ചട്ടങ്ങൾ ഉറപ്പാക്കുവാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) നിയമനങ്ങളിൽ പി.എസ്.സി അനുശാസിക്കുന്ന സംവരണ നിയമങ്ങൾ പാലിക്കുന്നുവെന്നും എസ്.സി/എസ്.ടി പ്രാതിനിധ്യം ഉറപ്പാക്കിയിട്ടുണ്ടെന്നും പരിശോധിക്കുവാൻ പ്രത്യേക നടപടികൾ സ്വീകരിക്കുമോ?

<u>സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം</u>

2306. **ശ്രീ.എൻ. ഷംസുദ്ദീൻ**
**,,** പി.ബി. അബ്ദുൾ റസാക്
**,,** കെ.എം.ഷാജി
**,,** കെ.മുഹമ്മദുണ്ണി ഹാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ഉണ്ടായ ഗുണപരമായ മാറ്റം സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) റിസർവ് ബാങ്ക്, നബാർഡ് എന്നിവയുടെ നിലപാടുകൾ സംസ്ഥാന സഹകരണ മേഖലയ്ക്ക് സഹായകരമല്ലാത്ത സാഹചര്യം ഉണ്ടാക്കുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(സി) ഇത്തരം വിഘാതങ്ങൾ തരണം ചെയ്യുന്നതിനും ഒപ്പം സംഘങ്ങളുടെ പ്രവർത്തനത്തിലെ അനാവശ്യ പ്രവണതകൾ നിയന്ത്രിക്കുന്നതിനും എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## അപക്സ് സഹകരണ സംഘങ്ങളിലെ പി.എസ്.സി.ക്കു വിട്ട നിയമനങ്ങൾ

2307. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അപെക്സ് സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ പി.എസ്.സി .-യ്ക്ക് വിട്ടതെപ്പോഴാണ്; വിശദമാക്കുമോ;

(ബി) നിയമനങ്ങൾ പി.എസ്.സി. യ്ക്ക് വിട്ട സഹകരണ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സമെന്താണ്; ഏതൊക്കെ സ്ഥാപനങ്ങളിലാണ് സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടില്ലാത്തത്;

(സി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കി പി.എസ്.സി.-യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## കേപ്പ്-എഞ്ചിനീയറിംഗ് കോളേജുകൾ

2308. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ 2011 ജൂൺ മുതൽ 2015 നവംബർ വരെയുള്ള കാലഘട്ടത്തിനിടയ്ക്ക് എ.ഐ.സി.റ്റി.ഇ/സർവ്വകലാശാല എന്നിവ കോഴ്സുകൾക്കായി അനുവദിച്ച സീറ്റുകളുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കോളേജുകളിൽ എത്ര സീറ്റുകൾ വീതം കുറവു വരുത്തി; വിശദമാക്കാമോ;

(ബി) സീറ്റുകൾ വെട്ടിക്കുറയ്ക്കുവാനുള്ള സാഹചര്യം ഉണ്ടാകാൻ കാരണമെന്ത്; കേപ്പിന് ഈ സാഹചര്യം ഒഴിവാക്കാൻ കഴിയാതെ പോയതിന് കാരണം വിശദമാക്കാമോ?

## സംയോജിത സഹകരണ വികസന പദ്ധതി

2309. **ശ്രീ.അൻവർ സാദത്ത്**
**,, വർക്കല കഹാർ**
**,, ആർ . സെൽവരാജ്**
**,, ലൂഡി ലൂയിസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ സംയോജിത സഹകരണ വികസന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## മൊബൈൽ ത്രിവേണി സ്റ്റോറുകൾ

2310. **ശ്രീ.സി.ദിവാകരൻ**
**,, ഇ.കെ.വിജയൻ**
**ശ്രീമതി.ഇ.എസ്.ബിജിമോൾ**
**ശ്രീ.കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിൽ എത്ര മൊബൈൽ ത്രിവേണി സ്റ്റോറുകളാണ് പ്രവർത്തിച്ചിരുന്നത് ; ഇപ്പോൾ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ട് ;

(ബി) പ്രസ്തുത സംവിധാനം തകർന്നടിയുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ് ;

(സി) പൊതു വിപണിയേക്കാൾ എത്ര ശതമാനം വിലക്കുവിലാണ് പ്രസ്തുത സ്റ്റോറുകളിലൂടെ സാധനങ്ങൾ വിറ്റഴിച്ചിരുന്നത് ;

(ഡി) പ്രസ്തുത സ്റ്റോറുകളുടെ പ്രവർത്തനം പുനരാരംഭിയ്ക്കുവാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

## ഉത്തേജന പലിശയിളവ് പദ്ധതി

2311. ശ്രീ.എം.എ. വാഹീദ്
,, എം.പി.വിൻസെൻറ്
,, വി.ഡി.സതീശൻ
,, ബെന്നി ബെഹനാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ ഉത്തേജന പലിശയിളവ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൽ സ്വീകരിച്ചിട്ടുണ്ട്?

## പലിശരഹിത വായ്പ

2312. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ കാർഷികമേഖലയ്ക്ക് പലിശരഹിത വായ്പ അനുവദിക്കുന്നുണ്ടോ;

(ബി) ഈ സാമ്പത്തിക വർഷം ഇതിനായി എന്തു തുക ലഭ്യമാക്കി എന്നു വ്യക്തമാക്കാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

## റിസ്ക്ക് ഫണ്ട് പദ്ധതി

2313. ശ്രീ.കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുക്കുന്ന ആൾ വായ്പ ബാദ്ധ്യത ബാക്കി നിൽക്കെ മരണമടഞ്ഞാൽ റിസ്ക്ക് ഫണ്ട് പദ്ധതി പ്രകാരം അയാൾക്ക് ഏതു രീതിയിലാണ് ആനുകൂല്യം ലഭ്യമാവുന്നത് ; കുടിശ്ശിക വരുത്താത്ത ഇടപാടുകാരനും ഇപ്രകാരമുള്ള ആനുകൂല്യം ലഭിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ബി) വൈക്കം നിയോജക മണ്ഡലത്തിലെ ഏതെങ്കിലും ബാങ്കുകൾ റിസ്ക്ക് ഫണ്ട് പദ്ധതിയിൽ പ്പെടാത്തതായി ഉണ്ടോ എന്നും ഉണ്ടെങ്കിൽ ഏതെല്ലാം ബാങ്കുകളാണ് എന്നും വെളിപ്പെടുത്തുമോ;

(സി) ബാങ്കുകൾ യഥാസമയം റിസ്ക്ക് ഫണ്ട് പദ്ധതി നടപ്പാക്കാത്തതിന്റെ പേരിൽ ഒരു സഹകാരിക്ക് ആനുകൂല്യം നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടായാൽ ഇതിന്റെ നഷ്ടപരിഹാരം ആരിൽ നിന്നാവും ഈടാക്കുക എന്ന് വ്യക്തമാക്കുമോ?

<u>കാർഷിക മേഖലയിലെ സഹകരണ സംഘങ്ങൾ</u>

2314. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ സംഘങ്ങൾ ഉണ്ട് ; പ്രസ്തുത സംഘങ്ങൾക്ക് പ്രതിവർഷം ഗ്രാൻറായി നൽകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) സഹകരണ ബാങ്കുകൾ നൽകുന്ന കാർഷിക വായ്പകളുടെയും കാർഷിക ബാങ്കുകൾ നൽകുന്ന വായ്പകളുടെയും വിനിയോഗം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(സി) കാർഷിക വായ്പകളുടെ വിനിയോഗം ശരിയായ നിലയിലാണോ എന്നും പ്രസ്തുത വായ്പ ഉപയോഗിച്ച് ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ കാർഷിക മേഖലയുടെ സംരക്ഷണത്തിനും ഉത്പാദന വർദ്ധനവിനും അനുഗുണമായിട്ടുണ്ടോ എന്നു പരിശോധിക്കുന്നതിനും നടപടികളുണ്ടോ; പ്രസ്തുത പരിശോധനയിൽ തുക ദുരുപയോഗം ചെയ്യപ്പെടുന്നതായി ബോധ്യപ്പെട്ടിട്ടുണ്ടോ; ഇത്തരം എത്ര കേസുകളിൽ നടപടി സ്വീകരിച്ചു ; വിശദമാക്കുമോ ?

<u>കാർഷിക വായ്പകൾ</u>

2315. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തിൽ ഇതുവരെ സഹകരണ ബാങ്കുകൾ എത്ര തുകയ്ക്കുള്ള കാർഷിക വായ്പ ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വായ്പയിൽ സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക്, സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, പ്രൈമറി കാർഷിക സംഘങ്ങൾ എന്നിവ എത്ര തുകവീതം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വായ്പകളിൽ കൃഷിക്കാർക്ക് ഏതെങ്കിലും പലിശയിളവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക നൽകി എന്ന് വിശദമാക്കുമോ?

<u>ത്രിവേണി, നന്മ, നീതി സ്റ്റോറുകൾ</u>

2316. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്രിവേണി, നന്മ, നീതി സ്റ്റോറുകളിൽ ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് നിലവിൽ സബ്സിഡി ലഭിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ വഴി നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പൊതുവിണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും ത്രിവേണി, നീതി, നന്മ സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>സുവർണ്ണ കേരളം പദ്ധതി</u>

2317. **ശ്രീമതി.ഗീതാ ഗോപി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുവർണ്ണ കേരളം പദ്ധതി എന്താണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

<u>സുവർണ്ണ കേരളം പദ്ധതി</u>

2318. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവപച്ചക്കറിയുടെ വ്യാപനത്തിനായി നടപ്പിലാക്കിയ സുവർണ്ണ കേരളം പദ്ധതിയുടെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള വിവരം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

<u>മുട്ടത്തറ കേപ്പ് എഞ്ചിനീയറിംഗ് കോളേജ്</u>

2319. ശ്രീ.ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 അദ്ധ്യയന വർഷത്തിൽ മുട്ടത്തറ കേപ്പ് എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ; എ.ഐ.സി.റ്റി.ഇ അംഗീകാരം കിട്ടാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കോളേജിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും; നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര രൂപ ചെലവായി ; ഏതൊക്കെ പണികളാണ് പൂർത്തിയാക്കാനുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) കോളേജിന് ആവശ്യമായ ഫർണിച്ചറുകളുടെ ഓർഡർ നൽകുന്നതിനുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ എന്നാണ് കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റി നൽകിയത്; ഓർഡർ നൽകുന്നതിനുള്ള തടസ്സം എന്താണ്; ഇതിന് ചുമതലപ്പെട്ട കേപ്പ് -ലെ ഉദ്യോഗസ്ഥർ ആരാണ് ;

(ഡി) പ്രസ്തുത കോളേജിന് എ.ഐ.സി.റ്റി.ഇ അംഗീകാരം ലഭിക്കാൻ ഏതൊക്കെ ലാബുകളാണ് സജ്ജീകരിക്കേണ്ടത് ; പ്രസ്തുത ലാബുകൾക്കുള്ള ഉപകരണങ്ങൾ വാങ്ങാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ഇ) പ്രസ്തുത കോളേജിനു വേണ്ടി വർക്ക്ഷോപ്പ് സജ്ജീകരിക്കുന്ന നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ നടപടികളാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ക്രമീകരണങ്ങൾക്ക് ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത കോളേജിലെ ലൈബ്രറി, കമ്പ്യൂട്ടർ ലാബ് എന്നിവ സജ്ജീകരിക്കുന്നതിന് ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; എത്ര കമ്പ്യൂട്ടർ വാങ്ങാനാണ് ഓർഡർ നൽകിയിട്ടുള്ളത് ; ഓർഡർ നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ആരാണ് ;

(ജി) പ്രസ്തുത കോളേജിന് വേണ്ടി ഇലക്ട്രിക് കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് ലോൺ കുടിശ്ശികയടവിനത്തിൽ ഇളവുകൾ</u>

2320. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് ലോൺ കുടിശ്ശികയടവിനത്തിൽ ഏതെല്ലാം തരത്തിലുള്ള ഇളവുകൾ ലഭ്യാമാക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇതിന് ഏതെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടതെന്നും വ്യക്തമാക്കാമോ ?

കൺസ്യൂമർ ഫെഡിലെ അഴിമതി

2321. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കൺസ്യൂമർ ഫെഡിലെ അഴിമതി ആരോപണങ്ങളെ തുടർന്ന് വിജിലൻസ് ഉൾപ്പെടെ അന്വേഷണങ്ങൾ നേരിടുന്ന ഉദ്യോഗസ്ഥർ ആരെല്ലാം; നിലവിൽ ഇവർ എവിടെയെല്ലാം ജോലി നോക്കി വരുന്നു; വിശദമാക്കുമോ;

(ബി) വിജിലൻസ് അന്വേഷണങ്ങളിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് കോടതികളിൽ ആരുടെയെല്ലാം പേരിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥരിൽ ആർക്കെല്ലാം ഈ സർക്കാർ സ്ഥാനക്കയറ്റം നൽകിയെന്നും എപ്രകാരമുള്ള സ്ഥാനക്കയറ്റമാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(ഡി) കൺസ്യൂമർ ഫെഡ് നിലവിൽ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ; പ്രസ്തുത സ്ഥാപനത്തിന്റെ ഒരു മാസത്തെ ശരാശരി വരവ് ചിലവ് കണക്കുകൾ ലഭ്യമാക്കുമോ?

കൺസ്യൂമർ ഫെഡിലെ ഓഡിറ്റിംഗ്

2322. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ ഏതു വർഷംവരെയുള്ള ഓഡിറ്റിംഗാണ് പൂർത്തിയായിട്ടുള്ളത്; പൂർത്തിയായ ഓഡിറ്റിംഗ് റിപ്പോർട്ടുപ്രകാരമുള്ള അറ്റ നഷ്ടം എത്രയാണ്; അവസാന വർഷ ഓഡിറ്റിംഗിൽ ചൂണ്ടിക്കാണിച്ച ന്യൂനതകൾ എന്തൊക്കെയാണ്;

(ബി) കൺസ്യൂമർഫെഡിന്റെ ഇന്നത്തെ പ്രതിസന്ധി പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൺസ്യൂമർ ഫെഡിലൂടെ വിൽക്കുന്ന സാധനങ്ങൾക്ക്സബ്സിഡി

2323. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് ഏതെല്ലാം സാധനങ്ങൾക്കാണ് സബ്സിഡി നൽകുന്നത് എന്ന് വിശദമാക്കാമോ; അവശ്യ വസ്തുക്കൾ മാർക്കറ്റ് നിരക്കിനേക്കാൾ കുറച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഉപഭോക്താക്കൾക്ക് വാഹനങ്ങളിൽ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിന് ക്രമീകരിച്ചിരിക്കുന്ന സംവിധാനം വാഹനം കേട് വന്നത് മൂലം ഉപേക്ഷിച്ചിട്ടുണ്ടോ;

(സി) കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിൻെറ വിൽപന ശാല നവീകരിക്കുന്നതിനും ഇവിടെ നിന്നുമുള്ള സഞ്ചരിക്കുന്ന വിൽപ്പന ശാല പുന:രാരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

സഹകരണമേഖലയിലെ എൻെറ സംഘം ക്യാംപയിൻ

2324. ശ്രീ.കെ.ശിവദാസൻ നായർ
,, എം.പി.വിൻസെൻറ്
,, ഹൈബി ഈഡൻ
,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിൻെറ കാലത്ത് സഹകരണമേഖലയിൽ 'എൻെറ സംഘം ക്യാംപയിൻ ' നടത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

### സഹകരണമേഖലയിൽ കാർഷിക സേവന കേന്ദ്രങ്ങൾ

2325. ശ്രീ.കെ.കെ.ജയചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ പുതിയ കാർഷിക സേവന കേന്ദ്രങ്ങൾ തുടങ്ങി കർഷകർക്ക് ആവശ്യമായ സേവനങ്ങൾ നൽകുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ നടപ്പാക്കിയിട്ടുണ്ടോ; നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; ഇതിനായി നീക്കിവച്ച തുകയിൽ എത്ര ചെലവഴിച്ചു ;

(ബി) ഈ സർക്കാറിന്റെ കാലയളവിൽ കാർഷിക മേഖലയിൽ നൽകി വന്നിരുന്ന ലോണുകളടക്കം നിയമനിർമ്മാണത്തിലൂടെ തകർക്കുകയാണ് ചെയ്തതെന്നുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

### തൃക്കരിപ്പൂർ അഗ്രിക്കൾച്ചർ വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അഫിലിയേഷൻ

2326. ശ്രീ.കെ.കുഞ്ഞിരാമൻ **(**തൃക്കരിപ്പൂർ**) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ നിലവിലുള്ള ഭരണസമിതി അധികാരമേറ്റെടുത്തശേഷം എത്ര സഹകരണ സ്ഥാപനങ്ങൾക്ക് അഫിലിയേഷൻ നൽകിയിട്ടുണ്ട്;

(ബി) അഫിലിയേഷൻ നൽകിയിട്ടുണ്ടെങ്കിൽ അവയുടെ പേരും വിലാസവും ലഭ്യമാക്കാമോ;

(സി) തൃക്കരിപ്പൂർ അഗ്രിക്കൾച്ചർ വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എസ് 391-ന് ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേഷനു വേണ്ടി രണ്ടു തവണ അപേക്ഷ നൽകിയിട്ടും ലഭിക്കാത്ത സാഹചര്യത്തിൽ സഹകരണ വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥന് പരാതി നൽകി വീണ്ടും അപേക്ഷ സമർപ്പിച്ചുവെങ്കിലും അഫിലിയേഷൻ നൽകാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

### കൺസ്യൂമർഫെഡിലെ അഴിമതി

2327. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് ഡയറക്ടർ ബോർഡ് പിരിച്ചുവിടേണ്ടി വന്ന സാഹചര്യം വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം അഴിമതികളാണ് കൺസ്യൂമർ ഫെഡുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുള്ളത്; വിശദവിവരം നൽകുമോ;

(സി) പ്രസ്തുത വിഷയത്തിൽ ആർക്കെല്ലാം എതിരെ എന്തെല്ലാം അന്വേഷണങ്ങളാണ് നടക്കുന്നത്; വിശദ വിവരം നൽകുമോ;

(ഡി) എത്രകോടി രൂപയുടെ അഴിമതിയാണ് ഇതുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുള്ളത്; വിശദമാക്കുമോ?

<u>കൺസ്യൂമർഫെഡിലെ ക്രമക്കേടുകൾ</u>

2328. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് ഭരണസമിതിയെ സസ്പെൻഡ് ചെയ്തിട്ടുണ്ടോ ;എങ്കിൽ സസ്പെൻഡ് ചെയ്യാൻ കാരണം എന്താണെന്ന് വിശദമാക്കുമോ ;

(ബി) കൺസ്യൂമർഫെഡിലെ ക്രമക്കേടുകൾ കണ്ടെത്താൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ആരെയാണെന്നും ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്നും വിശദമാക്കുമോ ;

(സി) കൺസ്യൂമർ ഫെഡിൽ ഓപ്പറേഷൻ അന്നപൂർണ്ണ എന്ന പേരിൽ വിജിലൻസ് നടത്തിയ റെയ്ഡിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയതെന്നും ഇതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ശിപാർശ ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ ?

<u>നിക്ഷേപങ്ങൾക്കുള്ള സുരക്ഷ</u>

2329. **ശ്രീ.വി.ഡി.സതീശൻ**
**,, ജോസഫ് വാഴയ്ക്കൻ**
**,, സി.പി.മുഹമ്മദ്**
**,, എം.എ. വാഹീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപങ്ങളുടെ സുരക്ഷയ്ക്കായി എന്തെല്ലാം കർമ്മ പരിപാടികൾ നടത്തിയിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആയതിലേക്ക് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഖാദി ഉൽപാദനവും വിപണനവും</u>

2330. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപണിയിൽ ആവശ്യമുള്ളത്ര ഖാദി വസ്ത്രങ്ങൾ ഇവിടെ ഉൽപാദിപ്പിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഖാദിയുടെ ഉൽപാദനവും വിപണനവും എത്രയാണെന്ന് വിശദമാക്കുമോ?

<u>ഖാദി വ്യവസായ നവീകരണം</u>

2331. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി വ്യവസായ നവീകരണവുമായി ബന്ധപ്പെട്ട് ഗോപിനാഥൻ നായർ കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഏതെല്ലാം പദ്ധതികളാണ് ഇതു വരെ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അവയിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും പദ്ധതി അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ ഭാഗമായി ഖാദി ഉൽപാദനത്തിൽ വർദ്ധനവ്

ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

ഖാദി മേഖലയിലെ ഇൻകം സപ്പോർട്ട് സ്കീം

2332. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 2013-14, 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഖാദി മേഖലയ്ക്ക് അനുവദിച്ച തുക എത്രയെന്നും അതിൽ എത്ര തുക വിനിയോഗിച്ചുവെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്കീം പ്രകാരം അനുവദിച്ച തുക എത്രപേർക്ക് ലഭിച്ചുവെന്ന് ഖാദി സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കാമോ?

ഖാദി-ഗ്രാമ വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് കർമ്മ പദ്ധതികൾ

2333. **ശ്രീ.കെ.മുരളീധരൻ**

**,,** ആർ . സെൽവരാജ്

**,,** എ.റ്റി.ജോർജ്

**,,** വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി-ഗ്രാമ വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഖാദി, ബീഡി വ്യവസായ പ്രതിസന്ധി

2334. **ശ്രീ.വി.ചെന്താമരാക്ഷൻ**

**,,** റ്റി.വി.രാജേഷ്

**,,** സി.കൃഷ്ണൻ

**,,** കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായമായ ഖാദി/ബീഡി മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേഖല സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന വാഗ്ദാനത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(സി) ഖാദി/ബീഡി മേഖല പ്രതിസന്ധിയിലായതുകാരണം പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവരും കുടുംബങ്ങളും അനുഭവിക്കുന്ന ജീവിതപ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത മേഖലയിൽ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും പരിഹാര മാർഗങ്ങൾ കണ്ടെത്തിയിട്ടുണ്ടോയെന്നും അത് എന്താണെന്നും വ്യക്തമാക്കാമോ?

തെക്കേക്കര പല്ലാരി മംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം

2335. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി തെക്കേക്കര പല്ലാരി മംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം അനുവദിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായെങ്കിലും അനുവദിയ്ക്കപ്പെട്ട തുക പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ടിലേയ്ക്ക് നാളിതുവരെയും ഡിപ്പോസിറ്റ് ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്ക് അനുവദിച്ച തുക അടിയന്തരമായി ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## വ്യവസായ വികസനത്തിന് കർമ്മ പദ്ധതി

2336. ശ്രീ.സി.പി.മുഹമ്മദ്

,, വി.ഡി.സതീശൻ

,, എം.എ. വാഹീദ്

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിനായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## കശുവണ്ടി വ്യവസായ യൂണിറ്റുകളുടെ നിയന്ത്രണം

2337. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കശുവണ്ടി വ്യവസായ യൂണിറ്റുകളുടെ നിയന്ത്രണം തൊഴിൽ വകുപ്പിന് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ?

## കശുവണ്ടി തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

2338. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികൾ തുറക്കാത്തതുമൂലം കശുവണ്ടി തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## കഞ്ചിക്കോട്ടും കളമശ്ശേരിയിലും അടച്ചുപൂട്ടിയ വ്യവസായ സംരംഭങ്ങൾ

2339. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഞ്ചിക്കോട് വ്യവസായ മേഖലയിലും കളമശ്ശേരിയിലും എത്ര വ്യവസായ സംരംഭങ്ങൾ അടച്ചുപൂട്ടി; ഇപ്രകാരം സംഭവിക്കുവാനുള്ള കാരണം വിശദമാക്കുമോ?

## 'കിറ്റ്കോ' യുടെ പ്രവർത്തനം

2340. ശ്രീ.ബെന്നി ബെഹനാൻ
,, എ.റ്റി.ജോർജ്
,, ജോസഫ് വാഴയ്ക്കൻ
,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കിറ്റ്കോ' യുടെ പ്രവർത്തന രീതി വിശദമാക്കുമോ;

(ബി) 'കിറ്റ്കോ' യുടെ കീഴിൽ നടക്കുന്ന മേജർ പ്രോജക്ടുകൾ ഏതൊക്കെയാണ്; വിശദീകരിക്കുമോ;

(സി) 'കിറ്റ്കോ' യിൽ ഗവൺമെന്റിന് ഷെയർ എത്രയാണ്; വിശദമാക്കുമോ;

(ഡി) 'കിറ്റ്കോ' യിലെ ടെണ്ടർ നടപടികൾ ക്വട്ടേഷൻ കൂടാതെ സ്വീകരിക്കുന്നത് സംബന്ധിച്ച് ആക്ഷേപങ്ങൾ ഉണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കുമോ?

<u>ബി ടു ബി സംഗമം</u>

2341. ശ്രീ.കെ.മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ആർ . സെൽവരാജ്
,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കായി ബി ടു ബി സംഗമം സംഘടിപ്പിച്ചിരുന്നോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടത്;

(സി) എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

<u>യു.എ.എം.സംവിധാനം</u>

2342. പ്രൊഫ. സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എ.എം. നിലവിൽ വന്നതിന് ശേഷം ഇ.എം. പാർട്ട് I എന്തെങ്കിലും സംവിധാനം വകുപ്പ് തലത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് വ്യവസായികളുടെ ഭാഗത്ത് നിന്നും വന്ന പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>കെ.പി.പി. നമ്പ്യാരുടെ സ്മരണാർത്ഥം ഗവേഷണപാർക്ക്, ലൈബ്രറി</u>

2343. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന കെ.പി.പി. നമ്പ്യാരുടെ സ്മരണാർത്ഥം ഇലക്ട്രോണിക്സ് മേഖലയുമായി ബന്ധപ്പെട്ട് ഗവേഷണപാർക്ക്, ലൈബ്രറി തുടങ്ങിയവ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

<u>എസ് & എമെർജിംഗ് കേരള (വൈ.ഇ.എസ് &എമെർജിംഗ് കേരള)</u>

2344. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈ.ഇ.എസ് &എമെർജിംഗ് കേരള എന്നിവയിലൂടെ എത്രമാത്രം നിക്ഷേപം കേരളത്തിലേയ്ക്ക് വന്നിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ എത്ര പുതിയ പദ്ധതികൾ കേരളത്തിൽ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ?

യുവ സംരംഭക സംഗമങ്ങൾ

2345. ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ എത്ര തവണ യുവസംരംഭക സംഗമങ്ങൾ സംഘടിപ്പിച്ചു ;

(ബി) പ്രസ്തുത സംഗമത്തിൽ പങ്കെടുത്ത എത്ര പേർ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് ;

(സി) പുതിയ യുവസംരംഭകർക്ക് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

എസ്.എസ്. ഐ.യൂണിററുകൾ

2346. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര എസ്.എസ്. ഐ.യൂണിററുകൾ രജിസ്ററർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വിശദ വിവരം നൽകുമോ;

(ബി) നടപ്പു വർഷം രജിസ്ററർ ചെയ്തയൂണിററുകളുടെ വിവരം ജില്ല തിരിച്ച് നൽകുമോ;

തുണി വ്യവസായ പാർക്ക്

2347. ശ്രീ.വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള കഞ്ചിക്കോട് തുണി വ്യവസായ പാർക്ക് ലക്ഷ്യമിട്ട തരത്തിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ

2348. ശ്രീ.എം.വി.ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനം വിശദമാക്കുമോ ;

(ബി) പ്രസ്തുത എസ്റ്റേറ്റുകൾ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത എസ്റ്റേറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

വനിതാ സംരംഭക സംഗമം

2349. ശ്രീ.എ.റ്റി.ജോർജ്
,, പി.എ.മാധവൻ
,, ടി.എൻ. പ്രതാപൻ
,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി വനിതാ സംരംഭകരുടെ സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടത് എന്നറിയിക്കുമോ;

(സി) എന്തെല്ലാം തുടർ നടപടികളാണ് ഇതിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്നത്? വിശദാംശം നല്കുമോ?

<u>കെൽ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി</u>

2350. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കെൽ- ന്റെ ഓരോ യൂണിറ്റിലും ഹെഡ് ഓഫീസിലും എത്ര ജീവനക്കാരുണ്ടെന്ന് അവരുടെ തസ്തിക തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ ഓരോ യൂണിറ്റ്, ഹെഡ് ഓഫീസ് എന്നിവിടങ്ങളിൽ നിന്നും എത്ര ജീവനക്കാർ റിട്ടയർ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാരിൽ എത്ര പേർക്ക് ഗ്രാറ്റുവിറ്റി നൽകാനുണ്ടെന്ന് യൂണിറ്റും ഹെഡ് ഓഫീസും തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ഡി) ഗ്രാറ്റുവിറ്റി ലഭിക്കാത്തവർക്ക് ആയത് ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>പുതിയ/ നിലച്ചുപോയ വ്യവസായ സ്ഥാപനങ്ങൾ</u>

2351. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചുപോയതോ ആയ വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കയാണെന്നും അവ ഓരോന്നും അടച്ചുപൂട്ടിയതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കുമോ?

<u>ഉദ്യോഗ ആധാർ പദ്ധതി</u>

2352. പ്രൊഫ. സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18.09.15-ന് ശേഷം എം. എസ്. എം. ഇ. പാർട്ട് I II നിർത്തലാക്കിയതിന് പകരമായി നടപ്പിലാക്കിയ ഉദ്യോഗ ആധാർ നിലവിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഉദ്യോഗ ആധാർ നിലവിൽ വന്നതിന് ശേഷം പുതിയ വ്യവസായ സംരംഭകരും വ്യവസായികളും നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) ഉദ്യോഗ ആധാർ പ്രകാരം വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയതിന് ശേഷം മാത്രമെ വൈദ്യുതി കണക്ഷൻ ലഭിക്കുകയുള്ളു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉദ്യോഗ ആധാർ മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; ?

<u>ആശ്വാസ പെൻഷൻ പദ്ധതി</u>

2353. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിനേശ് ബീഡി തൊഴിലാളികൾക്കുള്ള 'ആശ്വാസ പെൻഷൻ പദ്ധതി'' പ്രകാരം ഏത് മാസം വരെ പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ നിലവിൽ എത്ര പേർ പെൻഷന് അർഹരായിട്ടുണ്ടെന്നും എത്ര തുക കുടിശ്ശിക നൽകാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ;

(സി) കുടിശ്ശിക നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഭക്ഷ്യ സംസ്കരണ മിഷൻ</u>

2354. ശ്രീ.വർക്കല കഹാർ
,, ലൂഡി ലൂയിസ്
,, എ.പി.അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ മിഷൻ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>കൊച്ചി - മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി</u>

2355. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി - മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ സർവ്വെ പൂർത്തീകരിച്ചുവോ ;

(സി) പദ്ധതിക്ക് വേണ്ടി നാളിതുവരെ എത്ര തുക ചെലവഴിച്ചു ; വിശദമാക്കുമോ ;

(ഡി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദീകരിക്കാമോ ?

<u>നിക്ഷേപ സംഗമ മേളകൾ</u>

2356. ശ്രീ.വി.ശിവൻകുട്ടി
,, ആർ. രാജേഷ്
ശ്രീമതി.കെ.കെ.ലതിക
ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് നിക്ഷേപം കൊണ്ടുവരുന്നതിന് നടത്തിയ മേളകളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം പദ്ധതികളാണ് നിക്ഷേപം കൊണ്ടുവരുന്നതിന് നടത്തിയതെന്നും ഇതുമൂലം ഉദ്ദേശിച്ച

നിക്ഷേപങ്ങൾ എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ കൂടി ഉദ്ദേശിച്ചതിന്റെ എത്ര ശതമാനം നിക്ഷേപം നേടുന്നതിന് സാദ്ധ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) നിക്ഷേപ സംഗമ മേളകൾ പൊതുധനം ധൂർത്തടിക്കുന്നതിനുള്ള സംരംഭങ്ങൾ മാത്രമായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ?

## നിക്ഷേപ സംഗമം

2357. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നടന്ന ഓരോ നിക്ഷേപ സംഗമത്തിലും ലക്ഷ്യമിട്ട നിക്ഷേപം എത്രയെന്നും ഓരോന്നിലും അതത് വർഷം ലഭ്യമായ നിക്ഷേപം എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ നിക്ഷേപ സംഗമം നടത്തുന്നതിനും എത്ര പൊതു ധനം ഉപയോഗിച്ചിട്ടുണ്ടെന്ന് മേളകളുടെ പേരുസഹിതം വ്യക്തമാക്കാമോ?

## വ്യവസായ വികസനം സംബന്ധിച്ച്

2358. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിനും സംരംഭവികസനത്തിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വിശദമാക്കുമോ ?

(ബി) കിൻഫ്രയുടെ ഇത് സംബന്ധമായ പുതിയ പ്രോജക്ടുകൾ എന്തെല്ലാമാണ് ; പ്രസ്തുത പ്രോജക്ടുകൾ എവിടെയെല്ലാം തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

## വ്യവസായ മേഖലയെ പുനരുദ്ധരിക്കുന്നതിന് നടപടികൾ

2359. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയെ പുനരുദ്ധരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ പാലക്കാടിന്റെ സ്ഥാനം എത്രാമതാണ്;

(സി) ജില്ലയിൽ പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാം; എന്നാണ് അടച്ചുപൂട്ടിയത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം ലഭ്യമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; എത്ര കേന്ദ്ര നിക്ഷേപം ഉണ്ടായി; വിശദാംശം ലഭ്യമാക്കാമോ?

## കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾ

2360. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ ഏതെല്ലാം കൈത്തറി വ്യവസായ സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നതെന്നും സംഘങ്ങളുടെ കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഈ സർക്കാർ അധികാരത്തിൽ

വന്നശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത രംഗം മെച്ചപ്പെടുത്താൻ കേന്ദ്ര സർക്കാർ സഹായം ഏതെങ്കിലും ലഭിച്ചിട്ടുണ്ടോ എന്നുമുള്ള വിശദാംശങ്ങൾ അറിയിക്കുമോ?

ചെറുകിട വ്യവസായ സംരംഭങ്ങൾ

2361. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ചെറുകിട വ്യവസായ സംരംഭങ്ങൾ

2362. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് നൽകി വരുന്ന ധനസഹായ പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടം വന്ന് പ്രവർത്തനം നിലച്ചുപോയ എത്ര ചെറുകിട സംരംഭങ്ങളെ പുനരുദ്ധരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ആയതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ ?

ഗ്രീൻ ഫിനാൻസ്

2363. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 - 15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പരിസ്ഥിതി സൗഹൃദ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി ഗ്രീൻ ഫിനാൻസ് എന്ന പേരിൽ വകയിരുത്തിയിരുന്ന 10 കോടി രൂപ വിനിയോഗിച്ചു നടപ്പിലാക്കിയ പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

വ്യവസായ വകുപ്പിലെ ഉയർന്ന തസ്തികകളിലെ പ്രമോഷനുകൾ

2364. **പ്രൊഫ. സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വ്യവസായ വകുപ്പിലെ ഉയർന്ന തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) DPC (Higher) കൂടുവാൻ എന്ത് തടസ്സമാണ് നിലനിൽക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) ഉയർന്ന തസ്തികകളിൽ പ്രമോഷനുകൾ യഥാസമയം നടക്കാത്തതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ തടസ്സം നേരിടുന്ന കാര്യം അറിവുണ്ടോ;

(ഡി) തടസ്സം നീക്കി മേൽപ്പറഞ്ഞ തസ്തികകളിൽ എന്നത്തേയ്ക്ക് പ്രമോഷൻ നൽകി നിയമിക്കാനാകും എന്ന് വിശദമാക്കാമോ?

വ്യവസായ സ്ഥാപനങ്ങൾ

2365. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരംഭിച്ച പബ്ലിക് ലിമിറ്റഡ് സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഏതെല്ലാം പ്രവർത്തനം ആരംഭിച്ചു;

(ബി) പ്രസ്തുത കമ്പനികളുടെ മൊത്തം മൂലധന നിക്ഷേപം എത്രയാണ്; പബ്ലിക് ലിമിറ്റഡ്, സ്വകാര്യ, പൊതുമേഖലാ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലൂടെ പുതുതായി എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ വന്നതിന് ശേഷം അടച്ചു പൂട്ടിയിട്ടുള്ള പബ്ലിക് ലിമിറ്റഡ്, സ്വകാര്യ, പൊതുമേഖല സ്ഥാപനങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) ഇതിലൂടെ എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായെന്നാണ് കണ്ടെത്തിയിട്ടുള്ളത്?

<u>വ്യവസായ സ്ഥാപനങ്ങളിലെ പ്രതിസന്ധി</u>

2366. **ശ്രീ.എം.എ.ബേബി**
**,, എ. പ്രദീപ്കുമാർ**
**,, ജെയിംസ് മാത്യു**
**,, എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പൊതുസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അധികൃതരുടെ അഴിമതിയും കെടുകാര്യസ്ഥതയും കാരണം പല വ്യവസായ സ്ഥാപനങ്ങളും പ്രതിസന്ധി നേരിടുന്നു വെന്നആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) പൊതു മേഖലാ സ്ഥാപനങ്ങൾ പ്രതിസന്ധിയിലാകുന്നതിന്റെ പ്രാധാന കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ പൊതുമേഖലയിൽ ഏതെങ്കിലും വ്യവസായസ്ഥാപനം തുടങ്ങുകയുണ്ടായോ;

(ഇ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പൊതുമേഖലാസ്ഥാപനങ്ങൾ ഏതൊക്കെയായിരുന്നു?

<u>കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിൽ ദിനങ്ങൾ</u>

2367. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ 2011 മെയ് വരെ കശുവണ്ടി വികസന കോർപ്പറേഷനും, കാപ്പെക്സും നൽകിയ തൊഴിൽ ദിനങ്ങൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) 2011 ജൂൺ മുതൽ 2015 നവംബർ വരെയും പ്രസ്തുത സ്ഥാപനങ്ങൾ നൽകിയ തൊഴിൽ ദിനങ്ങൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

<u>റിബേറ്റ് കുടിശ്ശിക</u>

2368. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സഹകരണ സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ സർക്കാർ വലിയ തുക നൽകാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു കാരണം പ്രസ്തുത മേഖലയിൽ വലിയ പ്രതിസന്ധി നേരിടുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എത്ര രൂപയാണ് റിബേറ്റ് ഇനത്തിൽ നൽകാനുള്ളത്; ഇത് അടിയന്തരമായി സംഘങ്ങൾക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) കൊയിലാണ്ടി മണ്ഡലത്തിലെ വിവിധ സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ എത്ര തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ;

<u>മലപ്പുറം ക്യാൻസർ സെന്റർ</u>

2369. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന മലപ്പുറം ക്യാൻസർ സെന്ററിന്റെ സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) സ്ഥലമെടുപ്പിന് ഏന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(സി) സ്ഥലമെടുപ്പിനും കെട്ടിട നിർമ്മാണത്തിനുമായി സർക്കാർ തുക വകയിരുത്തിയിട്ടുണ്ടോ?

<u>പൊതുമേഖലാ - സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനം</u>

2370. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെയും സ്വയംഭരണ സ്ഥാപനങ്ങളിലെയും എല്ലാ സ്ഥിര നിയമനവും പി.എസ്.സി വഴിയാക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എന്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>പരമ്പരാഗത വ്യവസായ സംരക്ഷണം</u>

2371. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായം സംരക്ഷിയ്ക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി ഈ സർക്കാരിന്റെ കാലയളവിലെ ഓരോ ബഡ്ജറ്റിലും അത്തരം ഓരോ വ്യവസായത്തിനുമായി എത്ര തുക വീതം നീക്കി വെച്ചു; ഓരോ വർഷവും നീക്കിവെച്ച തുക അതത് ആവശ്യങ്ങൾക്കായി ഉപോയോഗപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യവസായങ്ങൾ ലക്ഷ്യമിട്ട തരത്തിൽ അഭിവൃദ്ധിപ്പെടുന്നതിനും സംരക്ഷിക്കുന്നതിനും സാദ്ധ്യമായിട്ടുണ്ടോ;ഇല്ലെന്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

<u>പൊതുമേഖല സ്ഥാപനങ്ങൾ</u>

2372. **പ്രൊഫ. സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പൊതുമേഖല സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവൃത്തിക്കുന്നുണ്ട്; വിശദമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവൃത്തിച്ചിരുന്ന എത്ര പൊതുമേഖല സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. സ്ഥാപനങ്ങൾ ഏതെല്ലാം;

(സി) പ്രസ്തുത സ്ഥാപനങ്ങൾ എല്ലാം തന്നെ ഈ സർക്കാരിന്റെ കാലത്തും ലാഭത്തിലാണോ പ്രവൃത്തിക്കുന്നത്;

(ഡി) ഇല്ലെങ്കിൽ എത്ര സ്ഥാപനങ്ങളാണ് നഷ്ടത്തിലായത്; അവ ഏതൊക്കെ; കാരണം വിശദമാക്കുമോ?

ചേർത്തല ആട്ടോകാസ്റ്റ്

2373. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ചേർത്തല ആട്ടോകാസ്റ്റിൽ എത്ര പുതിയ നിയമനങ്ങൾ നടന്നു ; പ്രസ്തുത കാലയളവിൽ ഉണ്ടായ ഉത്പാദന വർദധനവും വരുമാന വർദ്ധനവും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഉപയോഗിക്കാതെ നശിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പണം വ്യവസായ വകുപ്പ് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അനുവദിക്കാത്തതെന്നും ആരാണ് ഉത്തരവാദിയെന്നും വ്യക്തമാക്കുമോ ;

(സി) ആട്ടോകാസ്റ്റിന്റെ സ്ഥലം വൈദ്യുതി കുടിശ്ശികയുടെ പേരിൽ വൈദ്യുതി ബോർഡിന് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അപ്രകാരം തീരുമാനം കൈക്കൊണ്ടത് ആരാണെന്ന് പറയുമോ ;

(ഡി) റെയിൽവേയുമായി ചേർന്നുള്ള ജോയിൻറ് വെഞ്ചർ സംരംഭം എന്തുകൊണ്ടാണ് മുടങ്ങിയതെന്ന് വ്യക്തമാക്കുമോ ;

(ഇ) അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന ആട്ടോകാസ്റ്റിൽ അനധികൃതമായി നിയമനം നടത്തുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു ?

പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ്

2374. ശ്രീ.ജോസഫ് വാഴയ്ക്കൻ
,, സി.പി.മുഹമ്മദ്
,, ആർ . സെൽവരാജ്
,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൻ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സമയബന്ധിതമായി തീർക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

എമർജിംഗ് കേരള-വ്യവസായങ്ങൾ

2375. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള പദ്ധതിയിലൂടെ സംസ്ഥാനത്ത് ആരംഭിച്ച വ്യവസായങ്ങൾ,, പ്രോജക്ടുകളുടെ പേര്, അടങ്കൽ തുക, പ്രോമോട്ടേഴ്സ് , പ്രസ്തുത സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി,എന്നിവ വിശദമാക്കുമോ?

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

2376. ശ്രീ.എളമരം കരീം
,, പി.കെ.ഗുരുദാസൻ
,, എസ്.ശർമ്മ
,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി

സദയം മറുപടി നൽകുമോ:

(എ) പ്രധാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഫാക്ട്, എച്ച്.എം.ടി, വല്ലാർപാടം, എച്ച്.ഒ.സി തുടങ്ങി പ്രധാന വ്യവസായ സ്ഥാപനങ്ങളെല്ലാം തകർച്ചയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം പരിശോധിച്ചിട്ടുണ്ടോ ;

(സി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പ്രതിസന്ധി നേരിടുമ്പോൾ ആവശ്യമായ നടപടികൾ സ്വീകരിച്ച് വ്യവസായം സംരക്ഷിച്ച് നിർത്തുന്നതിന് ക്രിയാത്മക നടപടി സ്വീകരിക്കാതെ സ്വകാര്യ കോർപ്പറേറ്റ് വ്യവസായ കുത്തകകൾക്ക് സഹായം ചെയ്യുന്നതിനോടാണ് ആഭിമുഖ്യം കാണിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; നിലപാട് വ്യക്തമാക്കുമോ ;

(ഡി) യഥാസമയം ആവശ്യമായ ഇടപെടലുകൾ നടത്തിയാൽ നല്ല നിലയിൽ പ്രവർത്തനക്ഷമമാക്കാൻ കഴിയുന്ന വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ നിലപാടല്ല സ്വീകരിച്ചുവരുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; നിലപാട് വ്യക്തമാക്കുമോ ?

## കാസർഗോഡ് ബോൺമിൽ & ഫെർട്ടിലൈസേഴ്സ് എല്ലുപൊടി ഫാക്ടറി

T 2377. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മടിക്കൈ പഞ്ചായത്തിലെ കോതോട്ട് മുളവിനടുക്കത്ത് കാസർഗോഡ് ബോൺമിൽ & ഫെർട്ടിലൈസേഴ്സ് എന്ന എല്ലുപൊടി ഫാക്ടറിക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിനെതിരെയുള്ള ജനകീയ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്ഥാപനത്തിന് മലിനീകരണ നിയന്ത്രണ ബോർഡിന്റേയും പഞ്ചായത്തിന്റേയും ലൈസൻസ് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ എന്തു മാനദണ്ഡപ്രകാരമാണ് ലൈസൻസ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

## ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

2378. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2015 നവംബർ 30 വരെ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദവിവരം നൽകുമോ?

## പ്രൊഫഷണൽ മാനേജ്മെന്റ്

2379. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ മാനേജ്മെന്റ് ഏർപ്പെടുത്തുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനത്തിലാണ് നടപ്പിലാക്കിയതെന്നും അക്കാരണത്താൽ മെച്ചപ്പെട്ട ഏതെല്ലാം പ്രവർത്തനങ്ങളാണ് ഉണ്ടായതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുതയിടങ്ങളിൽ മെച്ചപ്പെട്ട പ്രൊഫഷണൽ മാനേജ്മെന്റ് സംവിധാനം കൈവരുന്നതിന് സാദ്ധ്യമായില്ലെന്നും അഴിമതിക്കാരും ദുർവ്യയക്കാരുമാണ് നിയമിതരായതെന്നുമുള്ള ആരോപണത്തിൽ നിലപാട് വ്യക്തമാക്കുമോ ?

<u>ശ്രീലങ്കൻ മണൽ ഇറക്കുമതി</u>

2380. ശ്രീ.എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാർ വ്യവസ്ഥയിൽ ഇളവു നൽകിയും ഗുണമേന്മ ഉറപ്പാക്കാതെയും സ്വകാര്യ കമ്പനികൾ വഴി ശ്രീലങ്കൻ മണൽ ഇറക്കുമതി ചെയ്ത് കോടികളുടെ നഷ്ടമുണ്ടാക്കിയ ട്രാവൻകൂർ ടൈറ്റാനിയത്തിലെ ഉന്നത ഉദ്യോഗസ്ഥന്മാർക്കെതിരെ കേസെടുക്കണമെന്ന് വിജിലൻസ് കോടതി ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) മുംബെയിലെ ഇൻ ഡെക്കം കമ്പനിയ്ക്കെതിരെ നിയമനടപടിക്ക് ടൈറ്റാനിയത്തിന്റെ നിയമ വിഭാഗം ശിപാർശ ചെയ്തിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

<u>സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ</u>

2381. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളിൽ എത്രയെണ്ണം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭകരമായി പ്രവർത്തിച്ചിരുന്നുവെന്നും അവ ഏതൊക്കെ ആയിരുന്നുവെന്നും എത്ര രൂപ ലാഭമുണ്ടായിരുന്നുവെന്നും വ്യക്തമാക്കുമോ ;

<u>പാപ്പനംകോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്</u>

2382. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ പാപ്പനംകോട് സ്ഥിതി ചെയ്യുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിലവിൽ എത്ര വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തനരഹിതമായിട്ടുള്ള വ്യവസായ യൂണിറ്റുകളുടെ വിശദാംശം നൽകുമോ?

<u>വാടയ്ക്കൽ ഇൻഡസ്ട്രീയൽ എസ്റ്റേറ്റ്</u>

2383. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടയ്ക്കൽ ഇൻഡസ്ട്രീയൽ എസ്റ്റേറ്റിന്റെ ആകെ വിസ്തൃതി എത്ര; അവിടെ എത്ര ഇൻഡസ്ട്രീയൽ യൂണിറ്റുകളാണുള്ളത്; അതിൽ എത്ര യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കാമോ;

(ബി) ഇൻഡസ്ട്രിയൽ യൂണിറ്റുകൾ അനധികൃതമായി കൈമാറ്റം ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു തടയാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ഇൻഡസ്ട്രീയൽ എസ്റ്റേറ്റിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>റാന്നിയിൽ ആരംഭിക്കാനിരുന്ന കിൻഫ്രയുടെ അപ്പാരൽ പാർക്ക്</u>

2384. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ ആരംഭിക്കാനിരുന്ന കിൻഫ്രയുടെ അപ്പാരൽ പാർക്കിനായി ഉതിമൂട്ടിൽ എത്ര ഭൂമിയാണ് റവന്യൂ വകുപ്പിൽ നിന്നും പാട്ടവ്യവസ്ഥയിൽ ലഭിച്ചിട്ടുള്ളത്; എത്രയാണ് പ്രതിവർഷം പാട്ടത്തുക; ഏതുവർഷം വരെയുള്ള പാട്ടത്തുകയാണ് അടച്ചിട്ടുള്ളത്; ഏതെങ്കിലും വർഷത്തെ തുക കുടിശ്ശികയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു വർഷത്തെ; കുടിശ്ശിക വരാനുണ്ടായ കാരണം എന്താണ് ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടി എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഇവിടെ അപ്പാരൽ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നില്ലെങ്കിൽ പകരം എന്തു സ്ഥാപനം തുടങ്ങാനാണ് കിൻഫ്ര ആലോചിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) റാന്നി നിയോജക മണ്ഡലത്തിൽ കിൻഫ്രയുടെ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിനായി റാന്നി എം.എൽ.എ. നിർദ്ദേശിച്ച സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

## സ്റ്റാർട്ട് അപ് പോളിസി

2385. ശ്രീ.പി.എ.മാധവൻ
,, കെ.മുരളീധരൻ
,, എം.പി.വിൻസെൻറ്
,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ട് അപ് പോളിസിയുടെ കരട് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ

2386. ശ്രീമതി.ജമീലാ പ്രകാശം
ശ്രീ.ജോസ് തെറ്റയിൽ
,, സി.കെ.നാണു
,, മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;അവ ഏതെല്ലാം ;

(ബി) അവയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ലാഭകരമാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

## ട്രാവൻകൂർ സിമന്റ്സ്

2387. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ നിലവിലെ അവസ്ഥ ലാഭകരമാണോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനം ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നാണ് വാഗ്ദാനം ചെയ്തത്; വ്യക്തമാക്കുമോ ; ആയത് നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സഹായം ആവശ്യപ്പെട്ടിരുന്നുവോ ; പ്രസ്തുത സഹായം നല്കാൻ സാദ്ധ്യമായിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ

2388. ശ്രീ.ആർ . സെൽവരാജ്
,, വി.റ്റി.ബൽറാം
,, അൻവർ സാദത്ത്
,, സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ സേവന മേഖലകളിൽ സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കാൻ കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

കരിമണൽ കടത്ത്

2389. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീണ്ടകര മുതൽ കായംകുളം വരെയുള്ള തീരപ്രദേശത്ത് നിന്നും തമിഴ് നാട്ടിലേക്ക് വൻതോതിൽ കരിമണൽ കടത്തുന്നത് നിയന്ത്രിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

കരിമണലിന്റെ ലഭ്യത

2390. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ദൗർലഭ്യം കാരണം ചവറയിലെ പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ അടച്ചുപൂട്ടലിന്റെ വക്കിലാണെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ക്വാറികളിൽ നിന്നുള്ള റോയൽറ്റി

2391. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം കരിങ്കൽ ചെങ്കൽ ക്വാറികളുടെ റോയൽറ്റി ഇനത്തിൽ സർക്കാരിന് എത്ര തുക ലഭിച്ചുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) റോയൽറ്റി ഇനത്തിൽ കുടിശ്ശിക ലഭിക്കാനുണ്ടോ; എങ്കിൽ എത്ര തുകയെന്നും ആയത് എത്ര വർഷം പഴക്കമുള്ള കുടിശ്ശികയാണെന്നും വ്യക്തമാക്കുമോ;

(സി) കരിങ്കൽ ചെങ്കൽ ക്വാറികളുടെ റോയൽറ്റി അടയ്ക്കുന്ന ഹെഡ് ഓഫ് അക്കൗണ്ട് ഏതാണെന്ന് വ്യക്തമാക്കുമോ ?

പാറക്വാറികൾ

2392. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ആകെ എത്ര പാറ ക്വാറികൾക്കാണ് പ്രവർത്തനാനുമതി ഉണ്ടായിരുന്നത് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) 2011 മെയ് മാസത്തിനുശേഷം ഓരോ ജില്ലയിലും എത്ര പാറ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) 2011 മെയ് മാസത്തിനുശേഷം കോടതി വിധിയുടെ അടിസ്ഥാനത്തിലും മറ്റു കാരണങ്ങളാലും എത്ര പാറ ക്വാറികളുടെ അനുമതി റദ്ദാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

<u>കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റ് കുടിശ്ശിക</u>

2393. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി രംഗത്തെ സഹകരണ സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ നിലവിൽ കുടിശ്ശിക തുക നൽകാനുണ്ടോ;

(ബി) എങ്കിൽ എത്ര കാലത്തെ തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കുടിശ്ശിക വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) കുടിശ്ശിക തുക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>കൈത്തറി മേഖലയുടെ നവീകരണം</u>

2394. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയുടെ നവീകരണത്തിനുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) 1985 ലെ കൈത്തറി റിസർവേഷൻ ആൻറ് പ്രൊട്ടക്ഷൻ നിയമവും, ദേശീയ കൈത്തറി വികസന കോർപ്പറേഷൻ വഴി നൽകുന്ന സഹായങ്ങളും പ്രസ്തുത മേഖലയിലെ വികസനത്തിന് സഹായകമാകുന്നുണ്ടോ ; വിശദമാക്കുമോ ?

(സി) കൈത്തറി തൊഴിലാളികളുടെ ആവശ്യങ്ങളെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>കൈത്തറി മേഖലയിലെ നെയ്ത്തു തൊഴിലാളികൾക്കുള്ള പ്രൊഡക്ഷൻ ഇൻസന്റീവ്-കൈത്തറി റിബേറ്റ്</u>

2395. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ്അധികാരത്തിൽ വന്നതിനു ശേഷമുള്ള ഓരോ സാമ്പത്തികവർഷവും കൈത്തറി മേഖലയിലെ നെയ്ത്തു തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസന്റീവ് ഇനത്തിൽ എത്ര തുക വീതം നൽകീയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റ്അധികാരത്തിൽ വന്നതിനു ശേഷമുള്ള ഓരോ സാമ്പത്തികവർഷവും കൈത്തറി റിബേറ്റ് ഇനത്തിൽ എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>കൈത്തറി മേഖലയിലെ പ്രഖ്യാപനങ്ങൾ</u>

2396. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ബഡ്ജറ്റിലും പ്രഖ്യാപിച്ച പദ്ധതികൾ അതത് വർഷം നടപ്പിലാക്കി പ്രസ്തുത മേഖലയെ സംരക്ഷിക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഓരോ പ്രഖ്യാപനവും നടപ്പിലാക്കുന്നതിന് സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

<u>നെയ്ത്ത് മേഖലയുടെ വികസനം</u>

2397. ശ്രീ.പി.സി വിഷ്ണുനാഥ്
,, പാലോട് രവി
,, അൻവർ സാദത്ത്
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്ത്ത് മേഖലയുടെ വികസനത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>പാലക്കാട് ജില്ലയിലെ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ</u>

2398. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ പൂട്ടികിടക്കുന്ന കൈത്തറി നെയ്ത്ത് തൊഴിലാളി സഹകരണ സംഘങ്ങളുടെ കണക്ക് താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(സി) പൂട്ടിക്കിടക്കുന്ന നെയ്ത്തുതൊഴിലാളി സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം ; വ്യക്തമാക്കാമോ;

(ഡി) പ്രവർത്തനരഹിതമായ കൈത്തറി നെയ്ത്തു സഹകരണസംഘങ്ങളിലെ കെട്ടിടം ഉൾപ്പെടെയുള്ള ആസ്തികൾ നശിച്ചുപോകുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ അത്തരം ആസ്തികൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ;

(ഇ) തകർന്നു കിടക്കുന്ന കൈത്തറി സഹകരണസംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി അതിലെ മെമ്പർമാരെ വിളിച്ചു ചേർത്ത് വിശദമായ ചർച്ചകൾ നടത്തുവാൻ തയ്യാറാകുമോ; എങ്കിൽ അതിനായി ഓരോ ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തി ഉത്തരവു നൽകുമോ; വിശദാംശം ലഭ്യമാക്കാമോ;

(എഫ്) പാലക്കാട് ജില്ലയിലെ പുതുക്കോട് നെയ്ത്തു സഹകരണസംഘം തുറന്ന് പ്രവർത്തിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദാംശം ലഭ്യമാക്കാമോ ;

(ജി) പ്രസ്തുത സംഘത്തിൻെറ ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ച് ഒരു സ്റ്റേറ്റ്മെന്റ് പുറപ്പെടുവിക്കാമോ ; പ്രസ്തുത സംഘത്തിന്റെ ചുമതല ആർക്കാണ് നൽകിയിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ?

<u>ഇ - ലേണിംഗ് കോഴ്സുകൾ</u>

2399. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മിഷന്റെ നേതൃത്വത്തിൽ ഇ - ലേണിംഗ് കോഴ്സുകൾ നടപ്പിലാക്കുന്നുണ്ടോ; പ്രസ്തുത കോഴ്സുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിൽ ഇ -ഗവേണൻസ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്;

## ഇ-ഫയൽ സമ്പ്രദായം

2400. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വകുപ്പുകളിലും ഇ-ഫയൽ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുജനങ്ങൾക്കും അപേക്ഷകർക്കും ഇ-ഫയൽ വഴിയുള്ള ഫയൽ നീക്കം അറിയാൻ കഴിയുന്നില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

## ഐ.ടി ഉൽപ്പന്ന കയറ്റുമതി

2401. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം കേരളത്തിന്റെ ഐ.ടി. ഉൽപ്പന്ന കയറ്റുമതി എത്ര കോടി രൂപയായിരുന്നു; ആയത് 2015-16 നടപ്പുവർഷം എത്ര കണ്ട് വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്; ആയതുമായി ബന്ധപ്പെട്ട് 2015 ഒക്ടോബർ 31 വരെ എത്ര കോടി രൂപയുടെ ഐ.ടി. ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തു; ഇതുമായി ബന്ധപ്പെട്ട് നടപ്പുവർഷം നാളിതുവരെ എത്ര കോടി രൂപ ഐ. ടി. വകുപ്പ് നികുതിയിനത്തിൽ നൽകി; വിശദമാക്കുമോ;

(ബി) 2014-15 സാമ്പത്തിക വർഷം ഐ.ടി., ഐ.ടി. അനുബന്ധ മേഖലകളിൽ സ്റ്റാർട്ട് അപ് കമ്പനികളുടെ വിറ്റുവരവ് എത്ര കോടി രൂപയായിരുന്നു; ആയത് 2015-16 നടപ്പുവർഷം ഒക്ടോബർ 31 വരെ എത്ര കോടി രൂപയാണ്; ഇതിലൂടെ എത്ര ഐ.ടി. പ്രൊഫഷണലുകൾക്ക് തൊഴിൽ ലഭിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിൽ എത്ര ഐ.ടി. കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; ഇതിലൂടെ എത്ര പേർ നേരിട്ടും അല്ലാതെയും തൊഴിലെടുക്കുന്നു; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഐ.ടി വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന ആധാർ ഫയലിംഗ് ഇപ്പോൾ കൈക്കലാക്കിയിരിക്കുന്ന ഏജൻസികൾ ഏതെല്ലാം; ഇതിനായി ഉപയോഗിച്ചിട്ടുള്ള സോഫ്റ്റ് വെയർ ആരുടേതാണ്; സർക്കാർ അധീനതയിലുള്ള സ്ഥാപനത്തിന്റേതാണോ; സ്വകാര്യ സ്ഥാപനത്തിന്റേതാണോ; വിശദാംശം വ്യക്തമാക്കുമോ?

## ഐ.ടി. മേഖല

2402. ശ്രീ.റോഷി അഗസ്റ്റിൻ

,, എം.വി.ശ്രേയാംസ് കുമാർ

ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ഐ.ടി. മേഖലയിലെ കയറ്റുമതി വരുമാനം എത്രയാണെന്നു പറയുമോ ?

<u>ഐ.റ്റി പാർക്കുകൾ</u>

2403. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.റ്റി. വ്യവസായത്തിലെ സാദ്ധ്യതകൾ പരിഗണിച്ച് ഓരോ നിയോജക മണ്ഡലത്തിലും ഐ.റ്റി. പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കോതമംഗലം കേന്ദ്രമാക്കിയുള്ള ഐ.റ്റി . അധിഷ്ഠിത കമ്പനികളുടെ പ്രവർത്തനം വിവരസാങ്കേതിക വകുപ്പിന് കീഴിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഐ.റ്റി. മേഖലയിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനം ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിന് ഒരു കർമ്മ പദ്ധതി നടപ്പാക്കുമോ?

<u>അക്ഷയ സെന്ററുകൾ</u>

2404. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ സെന്ററുകൾ വിവിധ സേവനങ്ങൾക്ക് അമിത ചാർജ്ജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സെന്ററുകൾ മുഖാന്തിരമുള്ള സേവനങ്ങൾക്കുള്ള ചാർജ്ജ് സർക്കാർ നിജപ്പെടുത്തിയിട്ടുണ്ടോ; വിവിധ സേവനങ്ങളുടെ ചാർജ്ജുകൾ വിശദമാക്കുമോ;

(സി) ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന അക്ഷയ സെന്ററുകളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) മാവേലിക്കര നിയോജകമണ്ഡലത്തിൽ ആവശ്യമായത്ര അക്ഷയ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ആവശ്യമായ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>അക്ഷയ കേന്ദ്രങ്ങൾ</u>

T 2405. **ശ്രീ.വി.എസ്.സുനിൽ കുമാർ**
**ശ്രീമതി.ഇ.എസ്.ബിജിമോൾ**
**ശ്രീ.ജി.എസ്.ജയലാൽ**
**,, മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ സംരംഭകർക്ക് കുടിശ്ശിക കൊടുത്തു തീർക്കാനുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) അക്ഷയ കേന്ദ്രങ്ങളിൽ നിന്നും എന്തെല്ലാം സേവനങ്ങളാണ് നൽകുന്നത്; ഇവയിൽ ഏതെല്ലാം സേവനങ്ങൾക്കുള്ള കുടിശ്ശികയാണുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(സി) ജനസമ്പർക്ക പരിപാടിക്ക് രജിസ്ട്രേഷൻ നടത്തിയ വകയിൽ അക്ഷയ സംരംഭകർക്ക്എത്ര തുക കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

<u>പുതിയ വിവരസാങ്കേതിക സ്ഥാപനങ്ങൾ</u>

2406. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പുതിയ വിവരസാങ്കേതിക സ്ഥാപനങ്ങൾ ആരംഭിച്ചുവെന്ന് അറിയിക്കാമോ; എവിടെയെല്ലാമാണ് സ്ഥാപിച്ചത്?

<u>അക്ഷയ കേന്ദ്രങ്ങളിലെ സേവനങ്ങൾ</u>

T 2407. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങൾ സേവനങ്ങൾക്ക് ഉയർന്ന ഫീസുകൾ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണ്; ഇത് സംബന്ധിച്ച് പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെ അഭിപ്രായം തേടാറുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

<u>ആധാർ പദ്ധതി</u>

2408. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ എത്ര പേർ ആധാർ കാർഡിന് അപേക്ഷ നൽകി ; വ്യക്തമാക്കുമോ ;

(ബി) ആധാർ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഏതൊക്കെ ഏജൻസികളെയാണ് തെരഞ്ഞെടുത്തത് എന്നും പ്രസ്തുത ഏജൻസികൾ വഴി സംസ്ഥാനത്ത് എത്ര പേർക്ക് ആധാർ കാർഡ് നൽകുകയുണ്ടായെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഏജൻസികൾക്ക് ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ എത്ര തുക പൊതു ഖജനാവിൽ നിന്നും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ലക്ഷക്കണക്കിന് മലയാളികളുടെ നിർണ്ണായക വിവരങ്ങൾ വിവരസാങ്കേതിക വകുപ്പിൻെറ അറിവോടു കൂടി കെൽട്രോൺ സ്വകാര്യ കമ്പനിക്ക് കൈമാറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോഃ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത കമ്പനിക്ക് കെൽട്രോൺ എത്ര രൂപ നൽകിയിട്ടുണ്ടെന്നും പ്രസ്തുത സ്വകാര്യ കമ്പനി ഏതാണെന്നും ഇതിൻെറ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നിവർ ആരൊക്കെയാണെന്നും ഇതിൻെറ ആസ്ഥാനം എവിടെയാണെന്നും വ്യക്തമാക്കുമോ ;

(എഫ്) ആധാർ പദ്ധതിയെ ശക്തമായി അനുകൂലിച്ച് സംസ്ഥാന സർക്കാർ 12.1.2014-ന് ബഹു. സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകാൻ തീരുമാനിച്ചിരുന്നോ ; എങ്കിൽ ആയതിൻെറ കാരണം എന്തെന്ന് വ്യക്തമാക്കുമോ ?

<u>കൊല്ലം ജില്ലയിലെ അക്ഷയ സംരഭകർ</u>

2409. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എത്ര അക്ഷയ സംരഭകർ ഉണ്ട്; അവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സർക്കാരിന് സേവനങ്ങൾ ലഭ്യമാക്കിയ ഇനത്തിൽ പ്രസ്തുത സംരഭകർക്ക് ഇനിയും ലഭ്യമാക്കാനുള്ള തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; പ്രസ്തുത തുക അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽപ്പെട്ട നെടുമൺകാവ് കേന്ദ്രമാക്കി അക്ഷയ കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>നാട്ടിക നിയോജകമണ്ഡലത്തിലെ അക്ഷയകേന്ദ്രങ്ങൾ</u>

2410. ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ ഇപ്പോൾ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) അക്ഷയ കേന്ദ്രങ്ങൾ ജനോപകാരപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തു സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ?

<u>ഡിജിറ്റൽ കേരള പദ്ധതി</u>

2411. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ കേരള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കുവാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിവരസാങ്കേതിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ</u>

2412. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രയോജനകരമാകുന്ന ഏതെല്ലാം പദ്ധതികൾ വിവരസാങ്കേതിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് വേണ്ടി ഏതെല്ലാം തരത്തിലുള്ള പരിശീലന പരിപാടികൾ വിവരസാങ്കേതിക വകുപ്പ് നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

<u>എന്റർപ്രൈസ് റിസോഴ്സ് പ്ളാനിങ്ങ്</u>

T 2413. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും വകുപ്പുകളിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ"എന്റർപ്രൈസ് റിസോഴ്സ് പ്ളാനിങ്ങ്" (ഇ.ആർ.പി) നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകളിലും സ്ഥാപനങ്ങളിലുമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് കമ്പനി വഴിയാണ് പദ്ധതി നടപ്പാക്കിയതെന്നും അതിനായി ഓരോ വകുപ്പിലും സ്ഥാപനത്തിലും എത്ര തുക ചെലവായെന്നും വ്യക്തമാക്കാമോ?

<u>തിരുവനന്തപുരം നഗരസഭയിലെ അക്ഷയ സെന്ററുകളുടെ പ്രവർത്തനം</u>

T 2414. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ കീഴിൽ എത്ര അക്ഷയ സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും പുതുതായി എത്ര സെന്ററുകൾക്ക് അനുവാദം നൽകുവാൻ സർക്കാരും നഗരസഭയും ഉദ്ദേശിക്കുന്നുണ്ടെന്നും അറിയിക്കുമോ;

(ബി) 2015-2016 സാമ്പത്തിക വർഷം നഗരസഭ എത്ര സെന്ററുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്;അനുവാദം നൽകിയിട്ടുള്ളതിൽ എത്രയെണ്ണം എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് നൽകിയിട്ടുണ്ട്;

(സി) അക്ഷയ സെന്ററുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(ഡി) അക്ഷയ സെന്റർ പോങ്ങുംമൂട് അനുവദിക്കുന്നതിനുള്ള സാധ്യതാ ലിസ്റ്റിൽ എസ്.സി./എസ്.ടി. വിഭാഗത്തിന് അനുവാദം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) എസ്.സി./എസ്.ടി. വിഭാഗത്തിന് പ്രത്യേക ഇളവ് നൽകുവാൻ നഗരസഭയും സർക്കാരും തയ്യാറാകുമോ?

<u>ഹജ്ജ് തീർഥാടനം</u>

2415. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായ നാല് വർഷം അപേക്ഷിച്ചിട്ടും ഹജ്ജ് തീർഥാടനത്തിനായി തെരഞ്ഞെടുക്കപ്പെടാത്ത എത്ര അപേക്ഷകരാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മൂന്ന് വർഷവും രണ്ടു വർഷവും വീതം തുടർച്ചയായി അപേക്ഷിച്ച എത്ര പേർ നിലവിലുണ്ട് ;

(സി) നാല് വർഷം തുടർച്ചയായി ഹജ്ജിന് അപേക്ഷിച്ചവർക്ക് നറുക്കെടുപ്പില്ലാതെ അവസരം ലഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഹജ്ജ് തീർത്ഥാടനത്തിനിടെയുണ്ടായ അപകടം</u>

T 2416. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്രാവശ്യത്തെ ഹജ്ജ് തീർത്ഥാടനത്തിനിടെയുണ്ടായ അപകടത്തിൽ എത്ര മലയാളികളെയാണ് കാണാതായിട്ടുള്ളത്;

(ബി) എത്രപേരുടെ മരണം സ്ഥിരീകരിച്ചിട്ടുണ്ട്; മരിച്ചവരുടെ കുടുംബത്തിന് ഏതെങ്കിലും വിധത്തിലുള്ള സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് എന്ന് വ്യക്തമാക്കുമോ?

<u>വീടില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾ</u>

2417. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി ഉണ്ടായിട്ടും വീടില്ലാത്ത എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാലര വർഷക്കാലമായിട്ടും പട്ടികവർഗ്ഗക്കാരുടെ ഭൂമിയുടേയും വീടിന്റെയും കാര്യത്തിൽ വേണ്ടത്ര പരിഗണന നൽകിയിട്ടില്ലെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

<u>പട്ടികവർഗ്ഗ സങ്കേതത്തിൽ കുടിവെള്ളം</u>

2418. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ പട്ടികവർഗ്ഗ സങ്കേതത്തിലും കുടിവെള്ളം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും പ്രസ്തുത ആവശ്യത്തിലേയ്ക്കായി എത്ര രൂപ ചെലവഴിക്കുമെന്നാണ് വാഗ്ദാനം നൽകിയിരുന്നത് ;

(സി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി അനുവദിച്ച തുക അതത് കേന്ദ്രങ്ങളിൽ ഇതേ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>പഠന വീട്</u>

2419. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോത്രവെളിച്ചം പദ്ധതിയുടെ ഭാഗമായി പഠന വീട് എന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2014-15 സാമ്പത്തിക വർഷം വയനാട് ജില്ലയിൽ പഠിപ്പിച്ച അദ്ധ്യാപകർക്ക് ഹോണറേറിയം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് ഹോണറേറിയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

<u>ജനനി ജന്മരക്ഷാ പദ്ധതിയിലൂടെ നൽകിയ ആനുകൂല്യങ്ങൾ</u>

2420. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി അമ്മമാർക്കുള്ള ജനനി ജന്മരക്ഷാ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി രൂപീകരിച്ചതിനുശേഷം നാളിതുവരെ എത്ര രൂപയുടെ ആനുകൂല്യങ്ങൾ നൽകിയെന്നും അവ ലഭിച്ച വ്യക്തികളുടെ പേരും മേൽവിലാസവും അടങ്ങിയ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ നിന്നും അയച്ചുകൊടുത്ത തുക മേൽവിലാസക്കാർക്ക് ലഭിക്കാതെ തിരിച്ചുവരികയും പ്രസ്തുത തുക ഉദ്യോഗസ്ഥർ കൈവശപ്പെടുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേൽവിലാസങ്ങളിൽ നിന്നാണ് തുക തിരിച്ചുവന്നതെന്നും പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

<u>ജനനീ-ജനരക്ഷ പദ്ധതി</u>

2421. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനനീ-ജനരക്ഷ പദ്ധതിയിലൂടെ നാളിതുവരെ എത്ര ആദിവാസി അമ്മമാർക്കു സഹായം നൽകി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ആദിവാസി അമ്മമാർക്ക് മണി ഓർഡർ ആയി അയച്ച ധനസഹായം കൈപ്പറ്റാതെ മടങ്ങിവന്നതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇങ്ങനെ മടങ്ങിവന്ന തുകകൾ ബന്ധപ്പെട്ട ചില ഉദ്യോഗസ്ഥർ കൈപ്പറ്റിയതു സംബന്ധിച്ച പരാതികൾ സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് ആഡിറ്റ് നടത്തുന്നത് സർക്കാരിന്റെ ഏത് ഏജൻസിയാണ്;

(ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ആരംഭിച്ചതിനു ശേഷം നാളിതുവരെയുള്ള ആഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കുമോ?

ജനനി-ജന്മരക്ഷാ പദ്ധതി

T 2422. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനനി-ജന്മരക്ഷാ പദ്ധതിയിൽ ക്രമക്കേടുകൾ നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ?

ഗോത്ര സാരഥി പദ്ധതി

2423. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾവനത്തിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട യാത്രയൊരുക്കുന്നതിനുള്ള ഗോത്ര സാരഥി പദ്ധതി ലക്ഷ്യമിട്ട തരത്തിൽ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഈ ആവശ്യത്തിലേക്കായി എത്ര രൂപ വകയിരുത്തിയെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ആമയിട തോപ്പിൽ പട്ടികവർഗ്ഗ കോളനി പുനരുദ്ധരിക്കാൻ നടപടി

2424. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിലെ ആമയിട തോപ്പിൽ പട്ടികവർഗ്ഗ കോളനിയിലെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാക്കി കോളനിയിലേയ്ക്ക് വഴി നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ കോളനി നിവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഗോത്ര സാരഥി പദ്ധതി

2425. ശ്രീ.വി.പി.സജീന്ദ്രൻ
,, ഐ.സി.ബാലകൃഷ്ണൻ
,, സി.പി.മുഹമ്മദ്
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോത്ര സാരഥി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>പട്ടിക വർഗ്ഗ കോളനികൾ</u>

2426. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര പട്ടിക വർഗ്ഗ കോളനികൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത കോളനികളിൽ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്നും അതിനുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(സി) പ്രസ്തുത കോളനികളിൽ താമസിക്കുന്നവർക്ക് ചികിത്സാ സൗകര്യങ്ങളും പോഷകാഹാരവും ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആളുകൾക്ക് പട്ടിക വർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും ആവശ്യമായ സേവനങ്ങൾ ലഭ്യമാകുന്നില്ലെന്ന് ഈ സർക്കാരിന്റെ കാലത്ത് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

<u>പട്ടിക വർഗ്ഗ വിഭാഗങ്ങൾ</u>

2427. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ചെവഴിച്ച തുക അവരുടെ അവശത മാറ്റുന്നതിന് പര്യാപ്തമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഭാഗങ്ങളുടെ ഉന്നമനത്തിനുള്ള പ്രൊജക്ടുകൾ ശാസ്ത്രീയമായ രീതിയിൽ രൂപകൽപന ചെയ്തതാണെന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിയ്ക്കുമോ;

(സി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചകളും മറ്റും പഠിക്കുന്നതിനും ഇത് വരെ ചെലഴിച്ച ഫണ്ടും പദ്ധതികളും അവലോകനം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>പട്ടിക വർഗ്ഗ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ക്ഷേമം</u>

2428. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് അമ്മമാർക്ക് 6മാസവും കുഞ്ഞുങ്ങൾക്ക് ആദ്യത്തെ 6മാസവും 1000 രൂപ നൽകുമെന്ന വാഗ്ദാനം ലക്ഷ്യമിട്ട തരത്തിൽ സാദ്ധ്യമായിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത പദ്ധതിക്കായി ഓരോ വർഷവും മതിയായ തുക നീക്കി വെയ്ക്കാൻ സാധിച്ചിട്ടുണ്ടോയെന്നും, നീക്കിവെച്ച തുക പ്രസ്തുത ആവശ്യത്തിലേക്കായി ചെലവഴിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ഉന്നമനം</u>

2429. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ആദിവാസി സമൂഹം

2430. ശ്രീ.കെ.രാധാകൃഷ്ണൻ
,, ബി.സത്യൻ
,, ആർ. രാജേഷ്
,, എസ്.രാജേന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമരങ്ങളെ തുടർന്ന് ആദിവാസികൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാനായിട്ടുണ്ടോ ;

(ബി) സമരഘട്ടങ്ങളിൽ ഉറപ്പ് നൽകുകയും പിന്നീട് അത് പാലിക്കാതെ ആദിവാസികളെ വഞ്ചിക്കുകയും ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; നിലപാട് വ്യകതമാക്കുമോ ;

(സി) നിയമപ്രകാരം നൽകേണ്ട അവകാശങ്ങൾ പോലും ലഭ്യമാകാതെ ആദിവാസി സമൂഹം കടുത്ത പ്രതിസന്ധിയിലായിരിക്കുയാണെന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിലയിരുത്തിയിട്ടുണ്ടോ ?

## കരുതൽ പദ്ധതി

2431. ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായ് പയെടുത്ത് ഭവന നിർമ്മാണം തുടങ്ങിയിട്ട് പൂർത്തിയാക്കാത്ത എത്ര പട്ടിക വർഗ്ഗ കുടുംബങ്ങളാണ് വയനാട് ജില്ലയിലുള്ളതെന്ന് താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇപ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് കരുതൽ എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എന്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ധനസമാഹരണം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

## ആദിവാസി മേഖലകളിലെ പട്ടിണി മരണം

2432. ശ്രീ.മാത്യു റ്റി.തോമസ്
,, സി.കെ.നാണു
ശ്രീമതി.ജമീലാ പ്രകാശം
ശ്രീ.ജോസ് തെറ്റയിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ കഴിഞ്ഞ അഞ്ച് വർഷമായി പോഷകാഹാര കുറവ് മൂലവും സാംക്രമിക രോഗങ്ങൾ ബാധിച്ചും എത്ര പേർ മരണ പ്പെട്ടിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള മരണങ്ങൾ ഒഴിവാക്കുന്നതിനും മരണ നിരക്ക് കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അട്ടപ്പാടിയിലെ ശിശു മരണങ്ങളെയും ബന്ധപ്പെട്ട പ്രശ്നങ്ങളെയും പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിന് എസ്. എം .വിജയാനന്ദ് ഐ .എ .എസ്. -ന്റെ നേതൃത്വത്തിൽ കേന്ദ്രഗവൺമെന്റ്

നിയോഗിച്ച കമ്മിറ്റി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്;വിശദാംശങ്ങൾ നൽകുമോ?

<u>ആദിവാസി കോളനികളിലെ ദുരിതങ്ങൾ</u>

2433. ശ്രീ.ഇ.ചന്ദ്രശേഖരൻ
,, പി.തിലോത്തമൻ
,, കെ.അജിത്
,, ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കോളനികളിലെ ദുരിതങ്ങൾ മനസ്സിലാക്കാനും അവയ്ക്ക് പരിഹാരം കാണുന്നതിനും ഒരു നടപടിയും ഉണ്ടാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ അതിന് പരിഹാരം കാണുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) യഥാസമയം ചികിത്സ ലഭിക്കാത്തതു മൂലം കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ കുട്ടികളടക്കം എത്ര ആദിവാസികളാണ് മരണപ്പെട്ടിട്ടുള്ളത്; പ്രസ്തുത കാലയളവിൽ പോഷകാഹാരക്കുറവു മൂലം മരിച്ച കുട്ടികൾ എത്ര; പ്രായ പൂർത്തിയായ ആദിവാസികൾ എത്ര; വിശദമാക്കുമോ?

<u>ആദിവാസി ക്ഷേമത്തിനായി കേന്ദ്രസഹായം</u>

2434. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ക്ഷേമത്തിനായി ഈ സർക്കാരിൻെറ കാലയളവിൽ ഓരോ വർഷവും കേന്ദ്രസഹായമായി നൽകിയ തുക എത്രയെന്നും പദ്ധതി ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ധനസഹായം അതേ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ സാധിക്കാതെ തിരിച്ചടയ്ക്കേണ്ട സ്ഥിതിയുണ്ടായിട്ടുണ്ടോ ;എങ്കിൽ പദ്ധതി ,വർഷം തിരിച്ചടച്ച തുക എന്നിവയുടെ വിശദാംശം വ്യക്തമാക്കുമോ:

(സി) ആദിവാസി സമൂഹത്തിന് എന്തൊക്കെ നഷ്ടമാണ് ഇതുമൂലം സംഭവിച്ചതെന്ന് വിശദമാക്കുമോ ?

<u>ആദിവാസി സമരഘട്ടങ്ങളിലെ വാഗ്ദാനങ്ങൾ</u>

2435. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആദിവാസികളുടെ ആവശ്യങ്ങൾക്കായി സമരഘട്ടങ്ങളിൽ നൽകിയ വാഗ്ദാനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ ഏതൊക്കെ വാഗ്ദാനങ്ങൾ നടപ്പിലാക്കാതിരുന്നിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(സി) നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

<u>വനാവകാശ നിയമമനുസരിച്ച് ആദിവാസികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ</u>

2436. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമമനുസരിച്ച് ആദിവാസികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ ആയവ ലഭിച്ചിട്ടില്ലാത്ത ആദിവാസികൾക്ക് അവ പൂർണ്ണമായി നൽകുന്നതിന് സാധ്യമായിട്ടുണ്ടോ

;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

<u>പ്രാക്തന ഗോത്ര വിഭാഗ ഉന്നമനം</u>

2437. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ആതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഷോളയാർ, ആനക്കയം, പെരിങ്ങൽ, പെരുമ്പാറ, വാഴച്ചാൽ തുടങ്ങിയ കാടർ കോളനികളിൽ നടപ്പാക്കുന്ന ഭവന നിർമ്മാണമടക്കമുള്ള വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്തതുമൂലം കോളനി നിവാസികൾക്കുണ്ടായിട്ടുള്ള വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭവന നിർമ്മാണപദ്ധതി ഉടൻ പൂർത്തീകരിക്കുന്നതിനും പദ്ധതി നിർവ്വഹണത്തിൽ കെടുകാര്യസ്ഥതയും അഴിമതിയും ഉണ്ടായതായ ആക്ഷേപം പരിശോധിച്ച് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>സ്കൂളിന് സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ</u>

2438. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആട്ടത്തോട് കോളനിയിലെ ആദിവാസി കുട്ടികൾക്കായി ഈ വർഷം ആരംഭിച്ച സ്കൂളിന് സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എത്ര ഭൂമിയാണ് കൂടുതലായി ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഭൂമി ആരുടെ ഉടമസ്ഥതയിലുള്ളതാണെന്നും ഇത് സംബന്ധിച്ച ഫയൽ നിലവിൽ ആരുടെ പക്കലാണ് ഉള്ളതെന്നും വിശദമാക്കുമോ?

<u>മുള്ളുമല ഗിരവർഗ്ഗ കോളനിയുടെ നവീകരണം</u>

2439. **ശ്രീ.കെ.ബി.ഗണേഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിലെ മുള്ളുമല ഗിരവർഗ്ഗ കോളനിയുടെ നവീകരണത്തിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങളുടെ നിർവ്വഹണച്ചുമതല ഏത് ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കോളനിയുടെ നവീകരണ പ്രവർത്തനങ്ങളിൽ എന്തെങ്കിലും അഴിമതിയോ ക്രമക്കേടോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഈ വിഷയത്തിൽ സ്ഥലം എം.എൽ.എ.യുടേതുൾപ്പെടെ പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നവീകരണ പ്രവർത്തനം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഭൂരഹിതരായ പട്ടിക വർഗ്ഗ വിഭാഗക്കാർ</u>

2440. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭൂരഹിതരായ പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് എത്ര ഭൂമി വീതമാണ് ഓരോ ജില്ലയിലും വിതരണം ചെയ്തിട്ടുള്ളത് ; ഇക്കാലയളവിൽ ആകെ എത്ര ഭൂമിയാണ് വിതരണം ചെയ്തിട്ടുള്ളത് ;

(ബി) വിതരണം ചെയ്തിട്ടുള്ള ഭൂമി എത്ര ആളുകൾ ഏറ്റെടുത്ത് താമസം ആരംഭിച്ച എന്ന കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; ഇവർക്ക് എന്തൊക്കെ പാക്കേജുകളാണ് നൽകിയിരുന്നത് ; ഇനിയും ഭൂമി ഏറ്റെടുക്കുകയോ താമസം ആരംഭിക്കുകയോ ചെയ്തിട്ടില്ലാത്ത കേസുകളിൽ ഇനി എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഭൂരഹിത പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

<u>ഭൂരഹിതരായ ആദിവാസികൾ</u>

2441. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികളെ കണ്ടെത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് അവസാനമായി വിവരങ്ങൾ ശേഖരിച്ചത് എപ്പോഴാണ് ; അതു പ്രകാരമുള്ള ഭൂരഹിത കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച വ്യക്തമാക്കുമോ ;

(ബി) ഭൂരഹിതർക്ക് വിവിധ പദ്ധതികളിലൂടെ എത്ര ഭൂമി ഈ സർക്കാർ വന്നതിനുശേഷം വിതരണം ചെയ്തിട്ടുണ്ട് ; ഓരോ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണവും നൽകിയ ഭൂമിയുടെ അളവും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി സ്വയം കണ്ടെത്തുന്ന പദ്ധതി പ്രകാരം എത്രപേർക്ക് ഭൂമി നൽകി ; എത്ര ഭൂമി നല്കി ; ഈ പദ്ധതിക്ക് എത്ര അപേക്ഷകൾ ലഭിച്ചു ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ഡി) ഭൂമി വാങ്ങി നൽകിയില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ; ഈ പദ്ധതിക്കായി ഓരോ വർഷവും എത്ര രൂപ ബജറ്റിൽ ഉൾപ്പെടുത്തി ; എത്ര രൂപ ചെലവഴിച്ചു ?

<u>ആദിവാസികളുടെ ജീവിത സാഹചര്യം</u>

2442. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**,,** കെ.കെ.നാരായണൻ
**,,** വി.ടി.എ. റഹീം
**,,** പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി സമൂഹത്തിന്റെ നിലവിലെ ജീവിത സാഹചര്യം സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പോഷകാഹാരക്കുറവു മൂലമുള്ള ശാരീരിക അവശതകൾ, ശിശുമരണങ്ങൾ , ശാരീരിക ചൂഷണങ്ങൾ തുടങ്ങി ആദിവാസി വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ആദിവാസികൾക്ക് സംരക്ഷണം നൽകുമെന്ന വാഗ്ദാനം പാലിക്കുന്നതിന് സാധിച്ചില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

<u>ആദിവാസികളുടെ അവകാശങ്ങൾ</u>

2443. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് ഭരണഘടനാപരമായി എന്തെല്ലാം അവകാശങ്ങളാണ് ലഭിക്കേണ്ടതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത അവകാശങ്ങൾ അവർക്ക് ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; എന്കിൽ എത്ര പേർക്ക് ലഭിക്കുന്നുണ്ട് ?

<u>ആദിവാസികളുടെ സാമൂഹ്യനീതി മേഖലയിലെ പുരോഗതി</u>

2444. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലയളവിൽ ആദിവാസികളുടെ സാമൂഹ്യനീതി മേഖലയിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ സർക്കാറിന്റെ ഓരോ ബഡ്ജറ്റിലും ആദിവാസികൾക്ക് സാമൂഹ്യനീതി പുരോഗതിയ്ക്കായി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്ന് വർഷം തിരിച്ച് വിശദാംശം സഹിതം വ്യക്തമാക്കുമോ ;

(സി) ഇത്രയും തുക ഓരോ വർഷവും പ്രസ്തുത ആവശ്യത്തിനായി ചെലവഴിച്ചില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

<u>പട്ടികവർഗ്ഗ കോളനികളിലെ സമഗ്ര വികസന പദ്ധതി</u>

2445. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളാണ് സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പട്ടികവർഗ്ഗ കോളനികളിൽ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി എന്നേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

<u>പട്ടികവർഗ്ഗ ക്ഷേമ വികസന പദ്ധതികൾ</u>

2446. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനവിഭാഗത്തിനു വേണ്ടി വർഷങ്ങളായി ഭീമമായ തുക വിനിയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടും അവയുടെ പ്രയോജനം പ്രസ്തുത വിഭാഗങ്ങളിൽപ്പെടുന്നവർക്ക് ലഭിക്കുന്നില്ലെന്നും ജീവിക്കുവാനുള്ള പ്രാഥമിക സൗകര്യങ്ങൾ പോലും ലഭ്യമാക്കുവാൻ കഴിയുന്നില്ലെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തെക്കുറിച്ച് വിശദമായി പഠിക്കുവാനും ഗൗരവപൂർവ്വം പരിഹാര നടപടികൾ സ്വീകരിക്കുവാനും തയ്യാറാകുമോ?

<u>പട്ടികവർഗ്ഗ ക്ഷേമ വകുപ്പിനു കീഴിലെ റോഡുപണി</u>

2447. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ കീഴിൽ കാസറഗോഡ് മണ്ഡലത്തിൽ എത്ര റോഡുകളുടെ പണി ഏറ്റെടുത്തിട്ടുണ്ട്;

(ബി) അവയിൽ ഏതെല്ലാം പണികൾ പൂർത്തിയായിട്ടുണ്ട്; പൂർത്തിയാകാനുള്ള പണികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം നൽകുമോ?

പട്ടികവർഗ്ഗ കോളനികൾ ദത്തെടുക്കൽ

2448. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കോളനികൾ ദത്തെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കോളനികൾ ഏതെല്ലാമാണെന്നും അവിടെ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ ആരംഭിച്ചുവെന്നും എത്രത്തോളം പൂർത്തിയാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യസംരക്ഷണം

2449. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി സംസ്ഥാന ഗവൺമെൻറ് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; ഓരോ പദ്ധതികളും ആരംഭിച്ച വർഷവും പദ്ധതിയുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ 5 വർഷങ്ങളിൽ പ്രസ്തുത ഇനത്തിൽ ബഡ്ജറ്റിൽ നീക്കിവച്ച തുകയും ചിലവഴിച്ച തുകയും വിശദമാക്കുമോ ;

(സി) പട്ടികവർഗ്ഗങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി കേന്ദ്ര ഗവൺമെൻറിൻെറ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം ;

(ഡി) ഓരോ പദ്ധതിക്കും കഴിഞ്ഞ 5 വർഷങ്ങളിൽ ലഭിച്ച തുകയും ചിലവഴിച്ച തുകയും വിശദമാക്കുമോ ?

പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള പദ്ധതികൾ

2450. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 -ൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളായിരുന്നു ആവിഷ്കരിച്ചിരുന്നതെന്ന് പറയാമോ;

(ബി) അതിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദീകരിക്കാമോ;

(സി) ഏതെല്ലാം പദ്ധതികളാണ് നിർദ്ദിഷ്ടസമയത്ത് നടപ്പിലാക്കാതിരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ;

(ഇ) സമ്പൂർണ്ണ ഭവന പദ്ധതി ലക്ഷ്യമിട്ട് എത്ര പേർക്ക് വീട് നൽകിയെന്ന് ജില്ല തിരിച്ച കണക്കുകൾ പറയാമോ;

(എഫ്) ഇനിയും എത്രപേർക്ക് വീടുകൾ നൽകാനുണ്ട്. അതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വൈദ്യുതി

2451. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ പട്ടികവർഗ്ഗ സങ്കേതത്തിലും വൈദ്യുതിയും സോളാർ ലൈറ്റുകളും ലഭ്യമാക്കിയതു സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ;

(ബി) ഇതിനായി ഓരോ വർഷവും എത്ര തുക ബഡ്ജറ്റിൽ നീക്കിവെച്ചുവെന്നും എന്തു തുക ഇതിനായി ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

<u>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനാനുകൂല്യങ്ങൾ</u>

2452. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിൽ എന്തെല്ലാം പഠനാനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ ആനുകൂല്യവും എത്ര പേർക്ക് വീതം നൽകുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ആനുകൂല്യങ്ങളിൽ ഓരോന്നിലും എത്ര മാസത്തെ ഗഡുക്കൾ കുടിശ്ശികയുണ്ടെന്ന് വിശദമാക്കുമോ?

<u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠന സഹായങ്ങൾ</u>

2453. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠന സഹായങ്ങൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) പ്രസ്തുത വിഭാഗം ജനങ്ങളുടെ ഇതിന്മേലുള്ള പരാതികൾ പരിഹരിക്കുവാൻ ജില്ലാതലത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

<u>ആദിവാസികൾക്ക് ഭൂമി</u>

2454. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് എത്ര ഭൂമി ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഇത്രയും ഭൂമി കണ്ടെത്തി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?;

<u>ആദിവാസിമേഖലയിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനം</u>

2455. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസിമേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ കൃത്യനിർവ്വഹണം നടത്തുന്നതിൽ വീഴ്ച വരുത്തുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ;

(ബി) ഗർഭിണികളെയും നവജാത ശിശുക്കളെയും സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനയിലെ കണ്ടെത്തലുകൾ വിശദമാക്കുമോ?

<u>ആദിവാസിമേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കൾ</u>

T 2456. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-15 കാലത്ത് ആദിവാസിമേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കൾക്ക് ആകെ എത്ര രൂപ നൽകി;

(ബി) ഓരോ എൻ.ജി.ഒ. യ്ക്കും ഓരോ വർഷവും നൽകിയ തുക എത്ര വീതമെന്നും അവ ഓരോന്നും ഓരോ വർഷവും നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ;

<u>ആദിവാസികൾക്കായി നീക്കിവച്ച ഫണ്ടിന്റെ വിനിയോഗം</u>

2457. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആദിവാസികൾക്കായി നീക്കിവച്ച ഫണ്ടുകൾ അതേ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താതെ ലാപ്സായ സാഹചര്യമുണ്ടായിട്ടുണ്ടോ; അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

<u>ആദിവാസികൾക്കുള്ള ഭൂമി വിതരണ പദ്ധതി</u>

2458. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയ ആദിവാസി വനാവകാശ നിയമ പ്രകാരമുളള ഭൂമി വിതരണ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് വിലയിരുത്തുകയുണ്ടായോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദിവാസി വനാവകാശ നിയമ പ്രകാരം എത്രപേർക്ക് ഭൂമി വിതരണം ചെയ്തു ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് വനവകാശ നിയമ പ്രകാരം ഭൂമി വിതരണം ചെയ്തു ;

(ഡി) ആദിവാസികൾക്ക് അർഹതപ്പെട്ട ഭൂമി വിതരണം ചെയ്യുന്നതിൽ അലംഭാവം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഓരോ ജില്ലയിലും എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും എത്ര പേർക്ക് ഭൂമി നൽകിയെന്നും ശേഷിക്കുന്നത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കുമോ?

<u>പട്ടികവർഗ്ഗമേഖലയിലെ സഹകരണ സംഘങ്ങൾ</u>

2459. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ എസ്.ടി. സംഘങ്ങളുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സംഘങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാദ്ധ്യമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സംഘങ്ങൾ വഴി പട്ടികവർഗ്ഗമേഖലയിൽ ഏതെല്ലാം തരത്തിൽ സഹായമെത്തിക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത് ;

(ഡി) പട്ടികവർഗ്ഗക്കാർക്ക് സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ സഹായങ്ങൾ സംഘങ്ങൾക്ക് നല്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

പട്ടികവർഗ്ഗക്കാർക്ക് ഭവനപുനരുദ്ധാരണ പദ്ധതി

2460. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, വി.പി.സജീന്ദ്രൻ
,, പി.സി വിഷ്ണുനാഥ്
,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്ക് ഭവനപുനരുദ്ധാരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്1; വിശദമാക്കുമോ?

യുവജന ക്ഷേമ ബോർഡ് നൽകിയ പരസ്യങ്ങൾ

2461. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനക്ഷേമ ബോർഡ് എത്ര തുകയ്ക്കുള്ള പരസ്യങ്ങൾ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരസ്യങ്ങൾ ആർക്കൊക്കെ നൽകി എന്ന് വിശദമാക്കുമോ;

(സി) പ്രതിവർഷം എത്ര തുകയ്ക്കുള്ള പരസ്യങ്ങൾ നൽകുന്നതിനാണ് യുവജനക്ഷേമ ബോർഡിന് അനുമതിയുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം പദ്ധതികളുടെ പരസ്യങ്ങളാണ് ഇത്തരത്തിൽ നൽകിയത് എന്നുള്ള പദ്ധതി തിരിച്ച കണക്ക് വ്യക്തമാക്കുമോ?

ജോബ് ഫെസ്റ്റ്

2462. ശ്രീ.പി.സി വിഷ്ണുനാഥ്
,, കെ.എസ്.ശബരീനാഥൻ
,, വി.റ്റി.ബൽറാം
,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്കായി ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഭാരത് ദർശൻ

2463. ശ്രീ.കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ൽ സംസ്ഥാന യുവജന ബോർഡ് നടത്തിയ ഭാരത് ദർശൻ യാത്രയ്ക്കായി എത്ര തുക വകയിരുത്തിയിരുന്നു; എത്ര തുക ചെലവഴിച്ചു;

(ബി) പ്രസ്തുത യാത്രയിൽ എത്ര പേർ പങ്കെടുത്തു ; അവർ ആരെല്ലാമായിരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(സി) യാത്രാ അനുമതി നൽകിയത് ഏതൊക്കെ സ്ഥലങ്ങൾ സന്ദർശിക്കാനായിരുന്നു; സന്ദർശിച്ചത്

എവിടെയെല്ലാമാണ്;

(ഡി) പ്രസ്തുത യാത്ര നടത്തിയത് എന്നാണെന്നും അതിനുള്ള ഭരണാനുമതി നൽകിയത് എന്നാണെന്നും വെളിപ്പെടുത്താമോ?

വ്യവസായ സംരഭകത്വ വികസന പരിപാടി

2464. ശ്രീ.ഹൈബി ഈഡൻ

,, ഷാഫി പറമ്പിൽ

,, കെ.എസ്.ശബരീനാഥൻ

,, പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്കായി വ്യവസായ സംരഭകത്വ വികസന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പഞ്ചായത്തുതല കേരളോത്സവ പരിപാടി

2465. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പഞ്ചായത്തുതല കേരളോത്സവ പരിപാടി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) പഞ്ചായത്തുതല കേരളോത്സവം വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് അനന്തര തല കേരളോത്സവ പരിപാടികൾ സംഘടിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

സ്കൂളുകൾക്കും ക്ലബ്ബുകൾക്കും സ്പോർട്സ് കിറ്റ്

2466. ശ്രീ.വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ

,, ഷാഫി പറമ്പിൽ

,, പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾക്കും ക്ലബ്ബുകൾക്കും സ്പോർട്സ് കിറ്റ് നൽകുന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

കുറ്റകൃത്യങ്ങൾ തടയാൻ ബോധവല്ക്കരണ പരിപാടികൾ

2467. ശ്രീ.റ്റി.യു. കുരുവിള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥി-യുവജന വിഭാഗങ്ങളിൽ വളർന്നു വരുന്ന കുറ്റകൃത്യങ്ങൾ തടയുവാൻ യുവജന ക്ഷേമ വകുപ്പ് വഴി ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) എല്ലാ ഗ്രാമപഞ്ചായത്ത് വാർഡുകൾ കേന്ദ്രീകരിച്ച് യുവജന കലാ സമിതികളും ജാഗ്രതാ സമിതികളും രൂപീകരിക്കുന്നതിന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>മൃഗശാലകളുടെ മിനിയേച്ചറുകളും മ്യൂസിയങ്ങളും</u>

2468. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് ജീവികളുടെ ആവാസ വ്യവസ്ഥകളും ജീവിത രീതികളും പരിചയപ്പെടുന്നതിന് മൃഗശാലകളുടെ മിനിയേച്ചറുകളും മ്യൂസിയങ്ങളും ജില്ലാ അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് നടപടിയെടുക്കുമോ ;

(ബി) സ്കൂളുകളിൽ ഇത്തരം മിനിയേച്ചർ മ്യൂസിയങ്ങൾ ഉണ്ടാക്കുന്നതിന് വിദ്യഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതികൾ തയ്യാറാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി.ശാരംഗധരൻ,

തിരുവനന്തപുരം, സെക്രട്ടറി.

29-11-2015

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.